# ദൈവത്തിൻെറ മാററമില്ലായ്മ

**സി. എച്ച് സ്പർജ്ജൻ**

**The Immutability of God**

by

**C H Spurgeon**



Translated from English to Malayalam by
K G Thomas, Kottayam



www.bethanyaroma.com

# ദൈവത്തിൻെറ മാറ്റമില്ലായ്മ

**സി. എച്ച് സ്പർജ്ജൻ**
**വിവർത്തനം: കെ.ജി തോമസ്, കോട്ടയം**

**"യഹോവയായ ഞാൻ മാറാത്തവൻ; അതുകൊണ്ട് യാക്കോബിൻെറ പുത്രന്മാരേ നിങ്ങൾ നശിച്ചുപോകാതിരിക്കുന്നു"**
മലാഖി 3:6

മനുഷ്യ സമുദായത്തേക്കുറിച്ചുള്ള ശരിയായ അഭ്യാസനം മനുഷ്യനേക്കുറിച്ചുള്ളതു മാത്രമാണെന്ന് ആരോ ഒരാൾ പറഞ്ഞുട്ടുള്ളതായി ഞാൻ ഓർക്കുന്നുണ്ട്. ആ അഭിപ്രായത്തെ ഞാൻ അനാദരിക്കുന്നില്ല എന്നാൽ അപ്രകാരം തന്നെ ദൈവത്തിൻെറ തെരഞ്ഞെടുക്കപ്പെട്ടവനെക്കുറിച്ചുള്ള ശരിയായ ശിക്ഷണം ദൈവത്തേക്കുറിച്ചുള്ളതാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഒരു വിശ്വാസിയെ സംബന്ധിച്ചുള്ള പൂർണ്ണമായ അറിവ് ദൈവത്തേക്കുറിച്ചുള്ള പരിജ്ഞാനത്തെ മാത്രം ആശ്രയിച്ചിരിക്കുന്നതാണ്. ഒരു ദൈവപൈതലിൻെറ ഹൃദയത്തെ ആകർഷിക്കുന്ന ശ്രേഷ്ഠമായ വിജ്ഞാന ശാസ്ത്രവും ഉന്നതമായ ധ്യാന വിഷയവും ശക്തിയേറിയ തത്വശാസ്ത്രവും യാതൊരുത്തനെ അവൻ പിതവെന്ന് വിളിക്കുന്നുവോ ആ മഹാ ദൈവത്തിൻെറ നാമം, സ്വഭാവം, സ്വരൂപം, പ്രവർത്തി, ഇടപാടുകൾ ആദിയായവയുടെ സൂക്ഷ്മ നിർവ്വചനങ്ങളത്രേ.

വൈദീക വിഷയങ്ങളിലുള്ള ആലോചന മാനസീക സംസ്ക്കരണത്തിനും വളർച്ചക്കും സഹായകമാണ്. നമ്മുടെ ആലോചനകൾ മുഴുവനും അതിൽ വീണടിഞ്ഞുപോകത്തക്കവണ്ണം ആ വിഷയം അത്ര വലിയതും, നമ്മുടെ അഹംഭാവം മുഴുവനും അതിൻെറ ആഴത്തെ നിമഞ്ജിക്കത്തക്കവണ്ണം അത് അത്രക്ക് അതിരറ്റതുമാണ്. ഈ വിഷയങ്ങളെക്കുറിച്ചുള്ള പര്യവേഷണങ്ങൾ നമ്മെ ഒരുമാതിരി തൃപ്തിപ്പെടുത്തുകയും "അതേ ഞാൻ ബുദ്ധിമാൻ തന്നെ" എന്നുള്ള സംതൃപ്തിയോടുകൂടി അതിൽ നിന്നു നമ്മെ വിരമിപ്പിക്കുകയും ചെയ്യും. എന്നാൽ ഈ മഹാശാസ്ത്രത്തോട് നാം സമീപിക്കുമ്പോഴാണതിൻെറ ആഗാധം എത്രത്തോളമെന്ന് അളന്നറിവാൻ നമ്മുടെ അളവുനൂലുകൾ മതിയാകുന്നവയല്ലെന്നും, അതിൻെറ ഉയരം കണ്ടെത്താൻ നമ്മുടെ ഖരവീക്ഷണം പോരാത്തവയാണെന്നും നാം മനസ്സിലാക്കുകയും വ്യർത്ഥമനുഷ്യൻ ബുദ്ധിമാകുന്നതെങ്ങിനെ, അവൻ കഴുതക്കുട്ടിപോലെ മാത്രമല്ലേയുള്ളു എന്നു പറഞ്ഞുകൊണ്ടു നാം മടങ്ങുകയും. ഞാൻ അജ്ഞനും ഇന്നലെക്കഴിഞ്ഞുപോയ ദിവസംപോലെ മാത്രമുള്ളവനുമെന്ന് സമ്മതിക്കുകയും ചെയ്യതിരിക്കുമോ? ദൈവത്തെക്കുറിച്ചുള്ള ആലോചനയേക്കാളധികം നമ്മുടെ മനസ്സിനെ കീഴ്വഴക്കുവാൻ കഴിയുന്ന മറ്റു യാതൊരു വിഷയവുമില്ല. അപ്പോൾ നാം ദൈവമേ! നീ അമേയനും ഞങ്ങൾ വിലയില്ലാത്ത പുഴുക്കളും തന്നെ എന്ന് വിളിച്ചുപറയും.

എന്നാൽ ഈ വിഷയം മനസ്സിനെ വിനയപ്പെടുത്തുന്നതുപോലെ തന്നെ അതിനെ വികസിപ്പിക്കുകയും ചെയ്യും. ഭൂമിയെ ചുറ്റിസഞ്ചരിക്കുന്ന ഒരു സഞ്ചാരിയുടേ മനസ്സിനേക്കാൾ തൻെറ രഹസ്യ മുറിയിലിരുന്ന് ദൈവത്തെ ധ്യാനിക്കുന്ന ഒരു സാമാന്യക്കാരൻെറ ഹൃദയം വിശാലമായിരിക്കുമെന്നുള്ളതിനു സന്ദേഹമില്ല. അങ്ങിനെയുള്ള ഒരു സഞ്ചാരി പക്ഷെ

ജീവജാലങ്ങളേയും വൃക്ഷലതാദികളേയും യഥോചിതം വിഭചിച്ചു വിവരിക്കുവാൻ കഴിയുന്ന നിസ്തുല്യ ജ്ഞാനിയെന്നഭിമാനിക്കുന്ന ഒരു പ്രകൃതിശാസ്ത്രജ്ഞനോ, ഭൂഗർഭത്തേയും ഉപരിതലത്തേയും ഒരുപോലെ വീക്ഷിച്ചു വിശദീകരിക്കുവാൻ കഴിയുന്ന പണ്ഡിതനായ ഒരു ഭൂഗർഭശാത്രജ്ഞനോ ആയിരുന്നേക്കാം. ശരി: ഈ വിഷയങ്ങളിലുള്ള അറിവ് അങ്ങിനെയുള്ളവരുടെ ഹൃദയത്തെ വിശാലമാക്കിയിത്തീർത്തിട്ടുണ്ട്. ചുരുക്കമായിട്ടാണെങ്കിലും ഈയുള്ളവനും ഇപ്രകാരമുള്ള വിഷയങ്ങളേക്കുറിച്ച് ചിലപ്പോഴൊക്കെ ചിന്തിക്കാറുണ്ട്. എന്നാൽ എല്ലറ്റിനുമുപരിയായി മനുഷ്യാത്മാവിനെ വികസിപ്പിക്കുന്ന ഏകവിജ്ഞാനശാസ്ത്രം "ക്രിസ്തു"– അതേ ക്രൂശിക്കപ്പെട്ട ക്രിസ്തു തന്നെ ദൈവത്തെക്കുറിച്ചുള്ള അറിവും മഹത്വമേറിയ ത്രിത്വത്തേക്കുറിച്ചുള്ള പരിജ്ഞാനവുമത്രേ.

മഹാവിഷയമാകുന്ന ദൈവത്തേക്കുറിച്ചുള്ള ഭക്തികരവും താൽപ്പര്യപൂർവ്വകവും നിരന്തരമായ ആലോചനകൾപോലെ ബുദ്ധിയെ വലർത്തുവാൻ പരിയാപ്തവും മനുഷ്യാത്മാവിനെ പ്രകാശിപ്പിക്കുവാൻ കഴിവുള്ളതുമായി മറ്റു യാതൊന്നും തന്നെയില്ല. ഈ വിഷയത്തേക്കുറിച്ച് വിനയപുരസ്സരം ചെയ്യുന്ന ആലോചനകൾ നിശ്ചയമായും ആശ്വാസജനകം തന്നെ. ഹാ! ക്രിസ്തുവിനേക്കുറിച്ചുള്ള വിചിന്തനങ്ങൾ നമ്മുടെ ഓരോ ആത്മീകവൃണത്തിനും വിശേഷമായ രോപണതൈലവും പിതാവായ ദൈവത്തെക്കുറിച്ചുള്ള ആലോചനകൾ ദു:ഖമുള്ള മനസ്സിനെ ആശ്വസിപ്പിക്കുന്ന ദൈവീക വാഗ്ദത്തങ്ങളുടെ ഉടമ്പടിപത്രങ്ങളും, പരിശുദ്ധാത്മാവിൻെറ സ്വാധീനതയേക്കുറിച്ചുള്ള അറിവു നമ്മുടെ വേദനകൾക്ക് മതിയായ സിദ്ധൗഷധവുമത്രേ. നിൻെറ ദു:ഖങ്ങൾ നീങ്ങിപ്പോകണമോ? നിൻെറ മനോഭാരങ്ങൾ അകന്നു മാറണമോ? ഓടിച്ചെന്നു ദൈവമാകുന്ന ആഴമുള്ള മഹാസമുദ്രത്തിൻെറ സ്നേഹവീചികളിലേക്ക് നിന്നെത്തന്നെ വലിച്ചെറിഞ്ഞുകൊടുക്കുക. അതിൻെറ അളവറ്റ വലിപ്പത്തിൽ നിൻെറ ആലോചനകൾ നിശ്ശേഷം നിമഗ്നമാകട്ടെ. അങ്ങനെയങ്കിൽ അൽപ്പസമയത്തിനു ശേഷം ഒരു വിശ്രമക്കിടക്കയിൽ നിന്നെന്നപോലെ ആശ്വാസത്തോടും, ഉന്മേഷത്തോടും നീ വെളിയിൽ വരും. ആത്മാവിനെ ഇത്രത്തോളം ആശ്വസിപ്പിപ്പാൻ കഴിയുന്നതും, ദു:ഖത്തിൻേറയും വേദനകളുടേയും പൊങ്ങിവരുന്ന തരംഗപരമ്പരകളെ ഇത്രകണ്ട് ശാന്തതപ്പെടുത്തുന്നതും, പരിശോധനകളുടെ കൊടുങ്കാറ്റിനെ ഇത്ര ക്ഷണത്തിൽ അമർത്തിക്കളയുന്നതുമായ വേറൊന്നും ഞാൻ അറിയുന്നില്ല. ഇന്നു രാവിലെ ഈ മനോഹര വിഷയത്തിലേക്ക് നിങ്ങളുടെ ശ്രദ്ധയെ ഞാൻ സവിനയം ക്ഷണിച്ചുകൊള്ളുന്നു. ഇപ്പോൾ ഈ വിഷയത്തിൻെറ ഒരു വശം, അതായത് ദൈവത്തിൻെറ മാറ്റമില്ലായ്മയേക്കുറിച്ചു മാത്രം സംസാരിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. "യഹോവയായ ഞാൻ മാറാത്തവൻ; അതുകൊണ്ട് യാക്കോബിൻെറ പുത്രന്മാരേ നിങ്ങൾ നശിച്ചുപോകാതിരിക്കുന്നു". ഈ സൂക്തത്തിൽ മൂന്നു സംഗതികൾ അടങ്ങിയിട്ടുണ്ട്; ഒന്നാമത് ഒരു മാറ്റമില്ലാത്ത ദൈവം. രണ്ടാമത് ആ ദൈവത്തിൻെറ ഗുണവിശേഷത്താൽ നന്മയനുഭവിക്കുന്ന ഒരു ജനവിഭാഗം. മൂന്നാമത് അവർക്ക് ലഭിക്കുന്ന നന്മ. ആദ്യമായി ദൈവത്തിൻെറ മാറ്റമില്ലായ്മയേക്കുറിച്ചുള്ള ഉപദേശം നാം കാണുന്നു. "ഞാൻ യഹോവ, ഞാൻ മാറാത്തവൻ". പ്രഥമത: ഈ വിഷയത്തെ അൽപ്പമൊന്നു വിസ്തരിച്ച് വ്യാഖ്യാനിക്കുകയും അനന്തരം ആ സത്യത്തിൻെറ തെളിവിലേക്കായി ഏതാനും ന്യായങ്ങൾ പറകയും ചെയ്യുന്നതായിരിക്കും.

എൻെറ പ്രസംഗവാക്യത്തെ അൽപ്പമൊന്നു വർണ്ണിച്ച് അതിൻെറ പൊരുൾ ഞാൻ പറയട്ടെ. ദൈവം യഹോവയാകുന്നു. തൻെറ സാരാംശത്തിൽ അവൻ മാറ്റമുള്ളവനല്ല. ദൈവത്വമെന്നു

വെച്ചാലെന്താണെന്നു പറവാൻ എനിക്കു പ്രാപ്തിപോരാ. നാം ഏതൊന്നിനെയാണ് ദൈവമെന്ന് വിളിക്കുന്നതെന്നു പറവാനും പ്രയാസം. എന്നാൽ അത് ഒരു യഥാർത്ഥവും അതിൻെറ അസ്തിത്വം നിർവിവാദവുമത്രേ. അത് എങ്ങനെയായിരുന്നാലും എന്തുതന്നെയായിരുന്നാലും നിസ്തുലവും അമേയവുമായ ആ സാരംശം ഒരിക്കലും മാറ്റുവാൻ കഴിവുള്ളതല്ല. മനുജസാധാരണമായ വസ്തുക്കളെല്ലാം തന്നെ കൂടേക്കൂടെ മാറിക്കൊണ്ടിരിക്കയാണ്. മഞ്ഞു കട്ടികളാകുന്ന ശ്വേതവർണ്ണമകുടങ്ങളണിഞ്ഞിരിക്കുന്ന പർവ്വതങ്ങൾ വേനൽക്കാലത്ത് അവയുടെ പഴയ കിരീടങ്ങളെ കൈവെടിയുന്നു. തൻെറ തീരപ്രദേശങ്ങളെ മാത്രം നനച്ചുകൊണ്ടിരുക്കുന്ന നദീതടങ്ങൾ കട്ടിയുള്ള കാർമേഘങ്ങളുടേയും വന്മഴയുടേയും ആവിർഭാവത്തോടുകൂടി പുതിയതായി അലങ്കരിക്കപ്പെടുന്നു. ശക്തിയേറിയ പ്രവാഹങ്ങളോടുകൂടിയ മഹാസമുദ്രങ്ങൾ അതിൻെറ തിരമാലകളെ കൂടെക്കൂടെ ചുംബിക്കുന്ന സൂര്യരശ്മികളാൽ ആകാശവീഥിയിലേക്ക് അപഹരിക്കപ്പെടുന്ന ജലത്തിൻെറ അപകർഷത്താൽ നഷ്ടം അനുഭവിക്കുന്നു. സൂര്യൻ തന്നെയും എപ്പോഴും കത്തിയെരിയുന്ന തൻെറ ചൂളയെ നവീകരിക്കുവാൻ സർവ്വശക്ത്തൻെറ കയ്യിൽനിന്ന് അഗ്നിവാഹകങ്ങളായ പുതിയ സാധനങ്ങളെ ആവശ്യപ്പെട്ടുകൊണ്ടിരുക്കുന്നു. ഇങ്ങിനെ സകല സൃഷ്ടികൾക്കും അൽപ്പാൽപ്പമായ മാറ്റം സംഭവിക്കുന്നുണ്ട്. മനുഷ്യൻ തന്നേയും പ്രത്യേകിച്ച് അവൻെറ ശരീരത്തെ സംബന്ധിച്ചിടത്തോളം അനേക പരിവർത്തനങ്ങളിൽ കൂടെ കടന്നുപോകേണ്ടിവരുന്നു. എൻെറ ശരീരത്തിൽ ഏതാനും വർഷങ്ങൾക്ക് മുൻപുണ്ടായിരുന്ന യാതൊരു ഭാഗവും യഥാർത്ഥത്തിൽ ഇപ്പോഴില്ല. ജീവിതത്തിലെ ക്ലേശകരമായ അദ്ധ്വാനത്താൽ ഉടൽ ക്ഷയോന്മുഖമായി ഭവിക്കുകയും അതിൻെറ നിദാനവസ്തുക്കളായ അണുക്കൾ തമ്മിൽത്തമ്മിലുള്ള സമ്മർദ്ദംകൊണ്ടു മാറ്റപ്പെടുകയും ചെയ്യുന്നു. കാലാന്തരത്തിൽ പുതിയ സാധനങ്ങൾ ശരീരത്തിൽ ഉൽപ്പന്നമാകുന്നതിനാൽ ശരീരം പുതുക്കപ്പെടുകയും അതിൻെറ ഉപാദാനവസ്തുക്കൾ ഭേദപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. ഏതുപ്രകാരം ഒരു നദിയിലെ ജലം ഒഴുകിപ്പോകുകയും തൽസ്ഥാനത്ത് പുതിയ ജലകണങ്ങൾ വന്നു ചേർന്നു തരംഗിണി വീണ്ടും പൂരിക്കപ്പെടുകയും ചെയ്യുമ്പോൾ അതിൻെറ ആദിവസ്തുക്കൾ ഭേദപ്പെടുന്നുവോ അതേപ്രകാരം നാം അധിവസിക്കുന്ന ഈ ഭൂമിതന്നെയും അതിൻെറ നിർമ്മാണത്തിനു ഉപയോഗിച്ചിരിക്കുന്ന മൂല പദാർത്ഥങ്ങൾക്ക് കൂടെക്കൂടെ മാറ്റമുണ്ടായിക്കൊണ്ടി രിക്കത്തക്കവണ്ണമാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ദൈവമോ എന്നേക്കും മാറാതെ സുസ്ഥിരനായിരിക്കുന്നു. അവൻ വസ്തുമയങ്ങളായ സാധനങ്ങളുടെ സംയോഗത്താൽ ഉണ്ടാക്കപ്പെട്ടവനല്ല. നിർമ്മലവും സാരതവും പ്രകാശപ്രദവുമായ ആത്മാവത്രേ. അതുകൊണ്ട് അവനു മാറ്റമുണ്ടാകുവാനും തരമില്ല. അവൻ എന്നേക്കും യഥാവാൻ തന്നെ. അവൻെറ നിത്യ ജ്ഞാനത്തിൻെറ ആസ്ഥാനമായ നെറ്റിത്തടത്തിൽ അജ്ഞതയുടെ പോറൽ പോലും കാണ്മാനില്ല. പ്രായാധിക്യം അവനെ ക്ഷീണിപ്പിച്ചിട്ടില്ല. സംവത്സരങ്ങളുടെ ത്വരിതഗമനം മരണത്തിൻേറയോ ക്ഷയത്തിൻെറയോ മുന്നറിവുകളെ അവനിൽ രേഖപ്പെടുത്തിയിട്ടില്ല. യുഗങ്ങൾ ഒന്നിനു പുറകേ ഒന്നായി കടന്നുപോകുന്നത് അവൻ കാണുന്നു. എന്നാൽ അവനിൽ അവ എന്നേക്കും ഇപ്പോളെന്നു മാത്രം. വലിയവനായ "ഞാനാകുന്നവൻ ഞാനാകുന്നു" എന്നത് അവൻ തന്നെ. ശ്രദ്ധിക്കുവിൻ! മനുഷ്യത്വത്തോട അനുയോജ്യപ്പെടേണ്ടിവരുമ്പോഴും തൻെറ സാരാംശത്തിനു മാറ്റമുണ്ടാകുവാൻ ആവശ്യമില്ല. കഴിഞ്ഞ കാലത്ത് ക്രിസ്തു മനുഷ്യത്വമാകുന്ന കളിമണ്ണിനെ ഉടുത്തുവല്ലോ. എന്നിട്ടും തൻെറ ദൈവീക സാരാംശത്തിനു വിഛിത്തി ഭവിച്ചില്ല. സ്വഭാവത്തിൽ യഥാർത്ഥവും സൂക്ഷ്മതരവുമായ ഭേദം സംഭവിച്ചിട്ടു ജഡം ദൈവമാകുകയോ ദൈവം ജഡമാകുകയോ

ചെയ്യില്ല. രണ്ടും ഒരാളത്വത്തിൽ ഐക്യപ്പെടേണ്ടിവന്നതേയുള്ളു. ദൈവത്വമോ പൂർവ്വകാലത്തെന്ന പോലെതന്നെ മാറ്റമില്ലാത്തതായിരുന്നു. ആകശത്തിൻെറ തിരശീലകളെ വിരിച്ചപ്പോഴും പശുത്തൊഴുത്തിലെ ശിശുവായിരുന്നപ്പോഴും അവൻ താൻ തന്നെ കുരിശിന്മേൽ തൂങ്ങി ക്കിടക്കുമ്പോഴും വിലാപ്പുറത്തുനിന്ന് രക്തൽധരിക നിർഗ്ഗളമായി പ്രവഹിക്കുമ്പോഴും തൻെറ നിത്യ ഭുജത്താൽ ലോകങ്ങളെ താങ്ങുന്നവനും തൻെറ കൈയ്യിൽ മരണത്തിൻേറയും പാതാളത്തിൻേറയും താക്കോലുകളെ വഹിച്ചിരിക്കുന്നവനുമായ മഹാദൈവം അവൻ തന്നെ. തൻെറ തത്വത്തിൽ ഒരുകാലത്തും അവന് മാറ്റമുണ്ടായിട്ടില്ല. മനുഷ്യാവതാരംകൊണ്ടും അതു സംഭവിച്ചിട്ടില്ല. വികാരമോ ഗതിഭേദങ്ങളാലുള്ള ആഛാദനമോ ഇല്ലാത്തവനായി നിത്യനും അവസാനമില്ലാത്തവനുമായി മാറ്റമില്ലാത്ത ഏക ദൈവവും വെളിച്ചങ്ങളുടെ പിതാവുമായി നാം അവനെ കാണുന്നു.

## തൻെറ യോഗ്യതയിലും അവൻ അഭേദ്യനാണ്

കഴിഞ്ഞ കാലങ്ങളിൽ ദൈവത്തിൻെറ ഗുണങ്ങൾ എന്തൊക്കെയായിരുന്നുവോ ഇപ്പോഴും അവ അപ്രകാരം തന്നെ. അവയിൽ ഓരോന്നിനേക്കുറിച്ചും ആദിയിൽ അവ ഏതുപ്രകാരമായിരുന്നുവോ ഇപ്പോഴും അപ്രകാരം തന്നെയെന്നും കാലങ്ങളുടെ അന്ത്യത്തോളം അപ്രകാരം തന്നെ സ്ഥിതി ചെയ്യുമെന്നും നമുക്ക് തീർച്ചയായി പറയാവുന്നതാണ്. അവൻ ശക്തനായിരുന്നുവോ? പർവ്വതങ്ങളെ കൂമ്പാരങ്ങളായി കൂട്ടിയപ്പോഴും ഇളകി മറിഞ്ഞുകൊണ്ടിരുന്ന ജലരാശിയെ ആഴിയിൽ ശേഖരിച്ചപ്പോഴും അവൻ മഹാശക്തനല്ലായിരുന്നുവോ? അതേ! അപ്പോൾ ദൈവം ശക്തനായിരുന്നു, സംശയമില്ല. അവൻെറ ആ ഭുജബലം ഇപ്പോഴും തളർന്നുപോയിട്ടില്ല. ശക്തിയിൽ ഇപ്പോഴും അവൻ മഹാമല്ലൻ തന്നെ. അവൻെറ ബലത്തിൻെറ മജ്ജ ഉണങ്ങിപ്പോയിട്ടില്ലെന്നു മാത്രമല്ല അവൻെറ ആത്മശക്തി അന്നത്തെപ്പോലെ തന്നെ ഇന്നും എന്നേക്കും നിലനിൽക്കുകയും ചെയ്യും. ശക്തിയേറിയ ഭൂഗോളത്തെ ഇതേവിധത്തിൽ സംഘടിച്ചപ്പോഴും അഖിലാണ്ഡത്തിൻെറ അടിസ്ഥാനമിട്ടപ്പോഴും അവൻ ബുദ്ധിമാനായിരുന്നുവോ? നിങ്ങൾ എന്തു വിചാരിക്കുന്നു? നമ്മുടെ രക്ഷാമാർഗ്ഗത്തിൻെറ പ്ലാൻ തയ്യാർ ചെയ്തപ്പോൾ അതേ സൂര്യചന്ദ്രന്മാർ ഭൂമണ്ഡലത്തെ കുനിഞ്ഞുനോക്കുന്നതിനു മുൻപേ നിത്യതയിൽ തന്നെ – ആ മഹനീയമായ കാര്യപരിപാടി ക്രമീകരിച്ചപ്പോൾ അവനു ജ്ഞാനമില്ലായിരുന്നുവോ? ഹാ! ഇപ്പോഴും അവൻ ബുദ്ധിമാൻ തന്നെ. അവൻെറ സാമർത്ഥ്യമോ ജ്ഞാനമോ കുറഞ്ഞുപോയിട്ടില്ല. സകലത്തേയും ശരിയായി കാണുന്ന തൻെറ കണ്ണ് ഇപ്പോഴും മങ്ങിയതല്ല. അവൻെറ ജനത്തിൻെറ നിലവിളിയും വിലാപവും ഏങ്ങലടിയും സങ്കടവും ഇപ്പോഴും അവൻ നന്നായി കേട്ടുകൊണ്ടുതന്നെയിരിക്കുന്നു. അനേക വർഷങ്ങളിലെ പ്രാർത്ഥന കേട്ടു തഴമ്പിച്ചുപോകയാൽ അവൻെറ ശ്രോത്രം അശ്ശേഷം അടഞ്ഞുപോയിട്ടില്ല. തൻെറ ജ്ഞാനത്തിനു ഒരു ഭേദവും സംഭവിച്ചിട്ടില്ല. ഇപ്പോഴെന്നപോലെ എപ്പോഴും അവൻ മഹാജ്ഞാനിതന്നെ. അതു കുറയുകയോ കൂടുകയോ ചെയ്യുന്നില്ല. ആദിയിലുണ്ടായിരുന്ന ആ പരിപൂർണ്ണസാമർഥ്യവും നിസ്തുല്യമായ മുന്നറിവും ഇപ്പോഴും അവിടുത്തേയ്ക്കുണ്ട്. അവിടുന്ന് അഭേദ്യൻ; തൻെറ തിരുനാമത്തിന് മഹത്വമുണ്ടാകട്ടെ.

ഇനിയും തൻെറ നീതിയെ സംബന്ധിച്ച് ദൈവം എങ്ങിനെയുള്ളവനാണെന്ന് നമുക്കാലോചിക്കാം.

കഴിഞ്ഞകാലങ്ങളിൽ അങ്ങ് നീതിമാനും വിശുദ്ധനുമായിരുന്നു; ഇപ്പോഴും അപ്രകാരം തന്നെ. തൻെറ സത്യത്തിലും തനിക്കു മാറ്റമുണ്ടാകുന്നില്ല. അവൻ വാഗ്ദത്തം ചെയ്തതു നിറവേറ്റും; അങ്ങു കൽപ്പിച്ചതുപോലെ പ്രവൃത്തിക്കും. തൻെറ സ്വഭാവത്തിലെ നന്മയോ ശ്രേഷ്ഠതയോ സദ്വിചാരങ്ങളോ അശേഷം ഭേദപ്പെട്ടിട്ടില്ല. ഒരിക്കൽ സർവ്വശക്തനായ പിതാവായി നാം അവനെ കണ്ടിരുന്ന നിലയ്ക്ക് എന്തെങ്കിലും മാറ്റമുണ്ടായിട്ട് ഇപ്പോൾ സവ്വശക്തനായ ഒരു ഉഗ്രമൂർത്തിയായി താൻ രൂപാന്തരപ്പെട്ടിട്ടില്ലെന്നു മാത്രമല്ല ഒരു വൻ പാറപോലെ ഉറപ്പുള്ള അവൻെറ സ്നേഹത്തിൻെറ ശക്തിയെ നമ്മുടെ അധർമ്മങ്ങളാകുന്ന കൊടുംകാറ്റുകൾ കൊണ്ടുപോലും ഉലച്ചിളക്കുവാൻ കഴിയുന്നതുമല്ല. അവിടുത്തെ ശ്രേഷ്ഠനാമം എന്നേക്കും വാഴ്ത്തപ്പെട്ടതാകട്ടെ.

## തൻെറ സ്നേഹത്തിനു മാറ്റമില്ല

മനുഷ്യവർഗ്ഗത്തോടു ഉടമ്പടി ചെയ്തപ്പോൾ അവൻെറ ഹൃദയം തൻെറ ജനത്തോടുള്ള വാത്സല്യംകൊണ്ട് നിറഞ്ഞതായിരുന്നു. ആ ഉടമ്പടിയുടെ നിയമങ്ങളെ ഉറപ്പാക്കേണ്ടതിന് തൻെറ പ്രിയനും ഏകജാതനുമായ പുത്രൻെറ മരണം അത്യന്താപേക്ഷിതമാണെന്ന് അവൻ നന്നായി അറിഞ്ഞിരുന്നു. തൻെറ വാത്സല്യകുമാരൻ ലോകത്തിൽ വന്ന് രക്തധാരകളൊഴുക്കി നീചമരണം അനുഭവിക്കേണ്ടതാണെന്ന് അവന്ന് അറിയാമായിരുന്നെങ്കിലും ആ ഉടമ്പടിക്കു മുദ്രവയ്പ്പാൻ അവൻ വൈമുഖ്യം പ്രദർശിപ്പിക്കുകയോ അതു നിറവേറ്റുവാൻ ഉദാസീനനായിരിക്കുകയോ ചെയ്തില്ല. അന്നു അവൻ സ്നേഹിച്ചതുപോലെ തന്നെ ഇപ്പോഴും സ്നേഹിക്കുന്നു. പ്രതിദിനം നമുക്കു വെളിച്ചം തരുന്ന സൂര്യൻ അതിൻെറ ശക്തിയേറിയ കിരണങ്ങൾ പിൻവലിച്ചുകളഞ്ഞാലും ചന്ദ്രൻെറ മങ്ങിയ വെളിച്ചം ഇനിയില്ലാതെപോയാലും അവനു നമ്മോടുള്ള സ്നേഹം ഉതിർന്നുപോകുന്നതല്ല. ദൈവത്തിൻെറ ഗുണങ്ങളിൽ ഏതെങ്കിലും ഒന്നിനേക്കുറിച്ച് വർണ്ണിക്കുവിൻ! അതിൻെറ മാറ്റമില്ലായ്മയ്ക്കു സാക്ഷിയായി ഞാനും നിങ്ങളോടുകൂടി കൈയ്യൊപ്പിടാം. ദൈവത്തേക്കുറിച്ച് ഇന്ന് നിങ്ങൾക്കെന്തു പറവാൻ കഴിയും? അസ്തമന പർവ്വതാരോഹിതമായ കഴിഞ്ഞ കാലത്തും ഉദയാദ്രിഗത്മാകുന്ന ഭാവികാലത്തും അത് അപ്രകാരം തന്നെയെന്നു പറവാൻ കഴിയുമെന്നുള്ളതിനു സന്ദേഹമില്ല. “ഞാൻ യഹോവയാകുന്നു; ഞാൻ മാറാത്തവൻ.”

## ദൈവത്തിൻെറ കാര്യപരിപാടി മാറുന്നതല്ല

മനുഷ്യൻ ഒരു സംഗതി ആരംഭിച്ചിട്ട് നിറവേറ്റുവാൻ കഴിവില്ലെന്നു കണ്ടാൽ വിട്ടുകളയുന്നു. പിന്നേയും മറ്റൊന്ന് തുടങ്ങുന്നു. ബുദ്ധിമാന്മാർപോലും അങ്ങിനെയാണ് ചെയ്യാറുള്ളത്. അവർ ചെറിയ ഒരു കാര്യം ആരംഭിക്കുന്നു. പിന്നേയും ഒന്നിന് തുടങ്ങുന്നു. എന്നാൽ ദൈവം ഏതെങ്കിലും ആരംഭിച്ചിട്ട് നിവർത്തിപ്പാൻ കഴിയാതെ വിഷമിക്കുന്നതായി കേട്ടുകേൾവിയെങ്കിലുമ്മുണ്ടായിട്ടുണ്ടോ? ഒരിക്കലുമില്ല. എണ്ണമില്ലാത്ത സംഭാര നഗരങ്ങൾ തൻെറ അധീനതയിലുള്ളവനും പ്രഭാതത്തിലെ മഞ്ഞുതുള്ളികൾപോലെ അസംഖ്യങ്ങളായ ഗോളങ്ങളെ തൻെറ കൈയ്യാൽ നിർമ്മിച്ചവനുമായവൻ ആരംഭിച്ചത് നിറവേറ്റുവാൻ കഴിയാതെ താമസിച്ചിരിക്കുമോ? തൻെറ ആലോചനകളിൽനിന്നു പിന്തിരിയുകയോ അതിനെ ഭേദപ്പെടുത്തുകയോ ക്രമഭംഗം വരുത്തുകയോ ചെയ്യുവാൻ തക്കവണ്ണം അത് നിവർത്തിപ്പാൻ അവനു കഴിവില്ലയോ? എന്നാൽ ചിലർ ഒരുപക്ഷേ ദൈവത്തിന് അങ്ങനെ സുനിശ്ചിതമായ ഒരു പ്ലാനില്ലെന്നു പറഞ്ഞേക്കാം. മാന്യന്മാരേ! ദൈവം നിങ്ങളേക്കാൾ ഭോഷനെന്നാണോ

നിങ്ങൾ വിചാരിക്കുന്നത്? നിങ്ങൾക്ക് ഒരു നിശ്ചയമില്ലാതെയും ഉദ്ധേശം കൂടാതെയും ക്രമമില്ലാതെയും നിങ്ങൾ ഏതെങ്കിലും വേല ആരംഭിക്കുമോ? ഇല്ല. എനിക്ക് എൻെറ വേലക്ക് എപ്പോഴും ഒരു നിശ്ചിതരൂപമുണ്ട്. ദൈവത്തിനും അപ്രകാരം തന്നെ. ഓരോ മനുഷ്യനും ഓരോ പ്ലാനുണ്ട്. ദൈവത്തിനും തൻെറ പ്രവൃത്തികൾക്ക് ഒരു നിശ്ചയവും രൂപവും ഉണ്ട്. ദൈവം അതിശ്രേഷ്ഠൻ; അവൻ ഏതെങ്കിലും ഒരു പ്രവൃത്തി ചെയ്യുന്നതിനുമുൻപേ തൻെറ അപ്രമേയ ബുദ്ധിക്കു ചേരുന്നവണ്ണം ആലോചിച്ച് അതിൻെറ വഴികളെ ക്രമീകരിക്കുന്നു.കേൾക്കുവീൻ! അവൻ ഒരിക്കൽ തീരുമാനിച്ചശേഷം ഒരുകാലത്തും അതിനെ ഭേദപ്പെടുത്തുകയില്ല. ഇതു ചെയ്യണമെന്ന് അവൻ പാറയുന്നു. മുന്നിയമിക്കപ്പെട്ടിരിക്കുന്ന സംഭവങ്ങളുടെ ഇരു വിരലുകൾ അതിനെ അപ്പോൾതന്നെ ചിത്രീകരിക്കുന്നു. യഥാവസരം അതു നിറവേറുകയും ചെയ്യും. ഇത് എൻെറ നിശ്ചയമാണ്. ഏതിനെക്കുറിച്ച് അവൻ പറയുന്നുവോ അതിനെ മാറ്റുവാനോ ഭേദപ്പെടുത്തുവാനോ ഭൂമിക്കോ പാതാളത്തിനോ സുസാദ്ധ്യമല്ല. “ഇതെൻെറ തീരുമാനം” ദൂതന്മാരേ, നിങ്ങൾ ഇതിനെ പ്രസിദ്ധീകരിപ്പിൻ. പിശാചുക്കളേ, സ്വർഗ്ഗത്തിൻെറ പടിവാതിലുമുതൽ നിങ്ങൾ അതു ചീന്തിക്കളവീൻ. എന്നാലും ആ തീരുമാനം ഭേദപ്പെടുത്തുവാൻ നിങ്ങൾക്കു കഴിവുണ്ടാകയില്ല. ദൈവം തൻെറ പ്ലാൻ ഭേദപ്പെടുത്തുന്നില്ല. അതിൻെറ ആവശ്യം എന്താണ്? അവൻ സർവ്വശക്തനല്ലയോ? തൻെറ ആലോചനകളേ മുഴുവനും സ്വഹിതാനുസരണം അവന് നിറവേറിക്കൂടയോ? എന്തിനാണ് അവൻ തൻെറ നിശ്ചയങ്ങൾ ഭേദപ്പെടുത്തുന്നത്? അവൻ സർവ്വജ്ഞാന സാഗരമല്ലയോ? തെറ്റായി ഒന്നും തന്നെ അവൻ തീരുമാനിച്ചിരിരിക്കില്ല. അവൻ തൻെറ നിശ്ചയങ്ങൾ മാറ്റുവാൻ കാരണം എന്താണ്? അവൻ എന്നേക്കും ജീവിക്കുന്നവനല്ലയോ? തൻെറ ആലോചനകൾ നിറവേറുന്നതിനു മുൻപേ അവൻ മരിച്ചുപോകുമോ? അവൻ അവയെ ഭേദപ്പെടുത്തുന്നതെന്തിന്? ആസ്ഥിത്വത്തിലെ വിലയില്ലാത്ത അണുക്കളേ! ഒരു ദിവസം മാത്രം ജീവിക്കുന്ന കീടങ്ങളേ! ഒരു പകൽകൊണ്ട് അവസാനിക്കുന്ന കൃമികളേ! നിങ്ങളുടെ നിശ്ചയങ്ങളും തീരുമാനങ്ങളും നിങ്ങൾ ഭേദപ്പെടുത്തിയേക്കാം. അവനോ അങ്ങിനെ ചെയ്കയില്ല; ഒരിക്കലുമില്ല. ഇപ്രകാരമുള്ള ദൈവം എന്നോടു പറയുന്നതോ എൻെറ ഉദ്ധേശം എന്നെ രക്ഷിക്കണമെന്നുള്ളതാണത്രേ. അങ്ങിനെ എങ്കിൽ ഞാൻ സുരക്ഷിതനും എൻെറ രക്ഷ നിത്യവുമല്ലയോ?

## ദൈവം വാഗ്ദാനങ്ങളെ മാറ്റുന്നില്ല

ദൈവത്തിൻെറ മാധുര്യമേറിയ വാഗ്ദാനങ്ങളേക്കുറിച്ച് സംസാരിപ്പാൻ എനിക്ക് വളരെ സന്തോഷമുണ്ട്. എന്നാൽ അവയിൽ ഏതെങ്കിലും ഒന്നു ഭേദപ്പെട്ടതാണെങ്കിൽ മറ്റൊന്നിനെ ഞാൻ വിശ്വസിക്കയോ അതിനെക്കുറിച്ച് സംസാരിക്കയോ ചെയ്യുകില്ല. ബാങ്ക് ഓഫ് ഇംഗ്ലണ്ടിൻെറ ചെക്കുകൾ സംശയ ഗ്രസ്ഥങ്ങളാണെന്നുവന്നാൽ പിന്നീട് ഞാൻ അവയിൽ ഒന്നുപോലും സ്വീകരിക്കുകയില്ല. അപ്രകാരം തന്നെ ദൈവീക വാഗ്ദത്തങ്ങൽ നിറവേറുകയില്ലെന്നോ തൻെറ വാഗ്ദാനങ്ങളിലെ ചില വാക്കുകളെങ്കിലും ദൈവം മാറ്റിക്കളയുമെന്നോ വന്നാൽ വേദവാക്യങ്ങളോടു ഞാൻ എന്നേക്കുമായി യാത്രപറഞ്ഞു പിരിയുക തന്നെ ചെയ്യും. എനിക്കു മാറ്റമില്ലാത്തവയേക്കൊണ്ടാണ് ആവശ്യമുള്ളത്. തിരുവെഴുത്തുകളെ ശോധന ചെയ്യുമ്പോൾ മാത്രമേ ഞാൻ അതു കാണുന്നുള്ളൂ. ദൈവീക വാഗ്ദത്തങ്ങളേക്കുറിച്ച് അങ്ങിനെ എഴുതിയിരിക്കുന്നുവല്ലോ. മാത്രമല്ല രണ്ടു കാര്യങ്ങളാൽ അതിന് ഉറപ്പു വരുത്തിയുമിരിക്കുന്നു. തൻെറ ഓരോ വാഗ്ദത്തത്തിന്മേലും ദൈവത്തിൻെറ ഒപ്പും മുദ്രയുമുണ്ട്. ദൈവത്തിൻെറ സുവിശേഷം “ഉവ്വ് എന്നും ഇല്ല എന്നും ഉള്ളതല്ല. ഇന്നു വാഗ്ദത്തം ചെയ്യുന്നതും നാളെ ലംഘിക്കുന്നതും അല്ല. ”ഉവ്വ്“ എന്നത്

ദൈവമഹത്വത്തിനായിട്ട് ഉവ്വ് എന്നു തന്നെ. വിശ്വാസിയേ! ഇന്നലെ അത്യന്തം സന്തോഷപ്രദമായ ഒരു വാഗ്ദത്തം നിനക്കുണ്ടായിരുന്നു. എന്നാൽ ഇന്നു രാവിലെ നിന്റെ വേദപുസ്തകം എടുത്തപ്പോൾ അത് അത്രത്തോളം മാധുര്യപ്രദമായി നിനക്കു തോന്നുന്നില്ല. കാരണം എന്താണെന്ന് നിനക്ക് അറിയാമോ? വാഗ്ദത്തം മാറിപ്പോയതുകൊണ്ടാണെന്നായിരിക്കും നീ വിചാരിക്കുന്നത്. ഇല്ല, ഒരിക്കലുമില്ല; നീയാണ് മാറിക്കളഞ്ഞത്. അതാണ് കാര്യം. സോദോമിലെ പുളിച്ച മുന്തിരിങ്ങകളിൽ ചിലത് തിന്നതുകൊണ്ട് നിന്റെ വായുടെ രുചി പൊയ്പ്പോയി. ഇപ്പോൾ ദൈവീക വാഗ്ദത്തങ്ങളൂടെ മാധുര്യമനുഭവിപ്പാൻ നിനക്കു കഴിയുന്നില്ല. ആ മാധുര്യമുള്ള വാഗ്ദത്തമകരന്ദം, ആ വിലയേറിയ മധുതന്നെ ഇപ്പോഴും അവിടെയുണ്ട്. അതിൽ ആശ്രയിക്കുക. അതിൽ തന്നെ ശരണം പ്രാപിക്കുക. കർത്താവേ! ഞാൻ എന്റെ ജീവിത ഭവനത്തെ ഏതാനും ഇളകാത്ത വാഗ്ദത്തങ്ങളുടെമേൽ പണിതുറപ്പിച്ചു. എന്നാൽ കാറ്റും മഴയും വന്നപ്പോൾ അതു വീണുപോയി. ഞാൻ നശിച്ചുപോകുമല്ലോ എന്നായിരിക്കാം നീ പ്രാർത്ഥിക്കുന്നത്. ഹാ! സഹോദരാ, വാഗ്ദത്തങ്ങൾ വീണിട്ടില്ല. അടിസ്ഥാനം ഇളകുന്നതല്ല. നീ കെട്ടിപ്പണിയുന്ന മണ്ണും മരവും കല്ലും കൊണ്ടുള്ള ചെറിയ കുടിലാണ് വീണത്. നീ നിന്ന പാറയിൽ നിന്നും നീ ഇളകി. യാതൊന്നിന്മേൽ നീ നിന്നിരുന്നുവോ ആ ശില ഇളകീട്ടില്ല. ഇളകുന്നതുമല്ല. ഈ ലോക ജീവിതത്തിൽ ദൈവമനുഷ്യനു പ്രയോജനകരമായ ഒരു ബുദ്ധിയുപദേശം ഞാൻ നിങ്ങളെ അറിയിക്കട്ടെ. ഒരു മാന്യൻ ഒരു കിരാതനോടു പറഞ്ഞ ചില വാക്കുകൾ എന്റെ സ്മരണയിൽ വരുന്നു. " നീ ദൈവത്തിൽ എപ്പോഴും സന്തോഷത്തോടും സംതൃപ്തിയോടും കൂടി ജീവിക്കുന്നു. എനിക്കോ അതു സാധ്യമാകുന്നില്ല. ഞാൻ പലപ്പോഴും താണുപോകുകയും നിരാശപ്പെടുകയും ചെയ്യുന്നു." അതിന് ആ കിരാതൻ **പറഞ്ഞ മറുപടി: "യജമാനനേ! ഞാൻ ദൈവീക വാഗ്ദത്താങ്ങളെ കാണുമ്പോൾ അവയുടെമേൽ സാഷ്ഠാംഗം വീണ് അവിടേത്തന്നെ കിടക്കും. നിങ്ങൾ അങ്ങനെയല്ല. നിങ്ങൾ വാഗ്ദത്തങ്ങളൂടെമേൽ നിൽക്കുക മാത്രമാണ്. അതുകോണ്ടാണ് കാറ്റടിക്കുമ്പോൾ നിങ്ങൾ താണുപോകുന്നതും നിരാശപ്പെട്ടു നിലവിളിക്കുന്നതും. എന്നാൽ ഞാൻ കാറ്റുണ്ടാകുമ്പോൾ പിന്നേയും പറ്റിപ്പിടിച്ച് അവിടെത്തന്നെ കിടന്നുകൊള്ളും. അതുകൊണ്ട് ഞാൻ വീഴുന്നില്ല. വീഴുകയില്ലെന്ന് എനിക്ക് നിശ്ചയമുണ്ടുതാനും. കർത്താവിന്റെ വാഗ്ദത്തങ്ങൾ അവനെ ചൂണ്ടിക്കാണിച്ചുകൊണ്ട് പിതാവേ! ഇതാ നിന്റെ വാഗ്ദത്തം. ഞാൻ അതിൽമാത്രം ആശ്രയിക്കുന്നു. അത് നിറവേറ്റേണ്ടത് അങ്ങേയുടെ കടമയാണെന്നുമാത്രം അവനോടു പറയാം. വാഗ്ദത്തങ്ങളുടെ മേൽ നീ നിൽക്കരുത്. അവയിൽ കിടന്നുകൊള്ളുകതന്നെ വേണം. ഓരോ വാഗ്ദത്തങ്ങളേയും ധ്യാനിക്കുക. അതിനെതന്നെ ആശ്രയിക്കുക. വാഗ്ദത്തങ്ങൾ ഓരോന്നും ഓരോ നീക്കമില്ലാത്ത ശിലാസ്തംഭങ്ങളാണെന്ന് വിശ്വസിക്കുകയും ചെയ്യുക.

എന്നാൽ ഇവയ്ക്ക് വിപരീതമെന്നു തോന്നാവുന്ന ഒരു സംഗതിയുണ്ട്. അതിനെക്കുറിച്ച്കൂടി ഞാൻ ഏതാനും വാക്കുകൾ പറഞ്ഞുകൊള്ളട്ടെയോ? അതു മേൽപറഞ്ഞ കാര്യങ്ങൾക്ക് വിപര്യയമെന്ന് സാധാരണ തോന്നാവുന്ന ദൈവത്തിന്റെ ശിക്ഷാവിളംബരങ്ങളത്രേ. ഓരോ വാഗ്ദത്തവും ഉറപ്പായിരിക്കുന്നുവെങ്കിൽ നിയമത്തിന്റെ ആണകൾ പ്രത്യക്ഷരം നിവൃത്തിക്കപ്പെട്ടെങ്കിൽ പാപിയേ നീ സൂക്ഷിച്ചുകൊൾക, ഈ വാക്കു നീ കേൾക്കുക. നിന്റെ ജഢീക ഇഛകളുടെ ശവമണികൾ നീ തന്നെ കേട്ടുകൊൾക. ഹാ! നിന്റെ ലോകാശ്രയത്തിന്റെ ശവക്കുഴി നീ കാണുക. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ പോലെതന്നെ അവന്റെ ശിക്ഷാവിളംബരങ്ങളും ഭേദമെന്യെ നിറവേറുന്നതാണ്. അവയിൽ

ഒന്ന് ഞാൻ നിന്നെ അറിയിക്കട്ടെ. **“വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും”** ഇത ഒരിക്കലും മാറാത്ത ഒരു ദൈവീക വിളംബരം. നിനക്ക് ഇഷ്ടമുള്ളടത്തോളം നീ നല്ലവനായിരിക്കുക. കഴിവുള്ളടത്തോളം സന്മാർഗ്ഗിയായി ജീവിക്കുക, സാധിക്കുന്നടത്തോളം ഉത്തമനായി കഴിച്ചുകൂട്ടുക. പാലിക്കാവുന്നടത്തോളം നീതി പാലിച്ചുകൊള്ളുക. ഞാൻ നിന്നോട് ഒരു വിളംബരം അറിയിക്കട്ടെ. “വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും”. ഇത് അഭേദ്യമായ വിളംബരവും രേഘപ്പെടുത്തപ്പെട്ടിരിക്കുന്ന ശിക്ഷാനിയമവുമത്രേ. സന്മാർഗ്ഗിയേ! ഇതിനോട് നിനക്ക് എന്തു പ്രത്യുത്തരം പറവാൻ കഴിയും? ഇതൊന്നു ഭേദപ്പെടുത്തി സന്മാർഗ്ഗിയായി ജീവിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും എന്ന് എഴുതിയാൽ കൊള്ളാമെന്ന് നീ ആഗ്രഹിക്കുന്നു. അതു ശരിതന്നെ. എന്നാൽ അത്യുന്നതൻെറ വിളംബരം അങ്ങനെ അല്ല. **“വിശ്വസിക്കാത്തവൻ”** ഇതത്രേ ഇടർച്ചക്കല്ല്. ഇതത്രേ തടങ്കൽ പാറ. നിനക്ക് ഇത് മാറ്റുവാനും കഴിവില്ല. നീ വിശ്വസിക്കുക, അല്ലെങ്കിൽ നശിച്ചുപോകും. ദൈവത്തിൻെറ വിളംബരങ്ങൾ രക്ഷയോ ശിക്ഷയോ ഏതിനെ സംബന്ധിക്കുന്നവയായാലും അവ ദൈവമെന്നപോലെതന്നെ മാറാത്തവയാണ്. ഒരു പാപി ശിക്ഷിക്കപ്പെട്ട് ഒരായിരം സംവത്സരം നരകത്തിലെ അതിവേദന അനുഭവിച്ചതിൻെറ ശേഷം കണ്ണുയർത്തി നോക്കിയാൽ ജ്വലിക്കുന്ന അഗ്നിയക്ഷരങ്ങളിൽ “വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും” എന്ന് എഴുതിയിരിക്കുന്നതു കാണാം. കർത്താവേ ഞാൻ ശിക്ഷിക്കപ്പെട്ടല്ലോ, ആയിരം സംവത്സരം വേദന അനുഭവിച്ചല്ലോ എന്നിങ്ങനെ നിലവിളിച്ചാലും പിന്നേയും **“ശിക്ഷിക്കപ്പെടും”** എന്നുതന്നെ മറുപടി ഉണ്ടാകും. പതിനായിരം വർഷം കഴിഞ്ഞിട്ട് നിൻെറ ദുഃഖങ്ങളാലും വേദനകളാലും നീ വിഷമിച്ച് ഇനിയും വിശ്വസിക്കാത്തവനെ സംബന്ധിച്ചുള്ള ദൈവത്തിൻെറ ശിക്ഷാവിളംബരം എങ്ങനെയിരിക്കുന്നു എന്നു കാണ്മാൻ കണ്ണുയർത്തി നോക്കിയാൽ “വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും” എന്നുള്ള മാറ്റമില്ലാത്ത അക്ഷരങ്ങൾ അപ്പോഴും നീ കാണും. എന്നാൽ നിത്യതയുടെ ചങ്ങല അതിൻെറ ഒടുവിലത്തെ കണ്ണിയിൽ വന്നുചേർന്നു എന്ന് വിചാരിച്ച് ഇനിയും ഇക്കാര്യത്തിൽ ദൈവനിയമം എന്തെന്നു കാണ്മാൻ നീ ആ നിയമച്ചുരുൾ നോക്കിയാൽ “ശിക്ഷവിധിയിൽ അകപ്പെടും” എന്നുള്ള ആ പഴയ അഗ്നിയക്ഷരങ്ങൾ തന്നെ പിന്നേയും അവിടെ തെളിഞ്ഞുകാണും. ഇതു വളരെ ഭയങ്കരം തന്നെ. എങ്കിലും ഞാൻ പറയാതിരിക്കുന്നതെങ്ങനെ? നിങ്ങളുടെ മുന്നറിവിനുവേണ്ടി ഞാൻ അതു പറയേണ്ടതാണല്ലോ. **പാപിയോടു അവൻ “ശിക്ഷിക്കപ്പെടും” എന്നു പറയാത്ത കാവൽക്കാരന് അയ്യോ കഷ്ടം.** പാപിയേ! നീ കരുതിക്കൊൾക. ദൈവം തൻെറ വാഗ്ദത്തങ്ങളിലെന്നപോലെ തന്നെ ശിക്ഷാവിളംബരങ്ങളിലും മാറ്റമില്ലാത്തവനാണ്. ജീവനുള്ള ദൈവത്തിൻെറ കൈയ്യിൽ വീഴുന്നതു ഭയങ്കരം.

ഒരു സംഗതികൂടെ ഓർപ്പിച്ചുകൊണ്ട് ഞാൻ മുമ്പോട്ട് കടന്നുകൊള്ളട്ടെ. ദൈവം തൻെറ സ്നേഹത്തിൻെറ ഉദ്ധേശത്തിൽപോലും മാറുന്നവനല്ല. സ്നേഹത്തിൽ അവൻ മാറുന്നില്ലെന്നു മാത്രമല്ല അതിൻെറ ഉദ്ധേശത്തിൽ പോലും മാറുന്നില്ല. ഒരു വിശുദ്ധൻ നഷ്ടപ്പെട്ടുപോകുമെങ്കിൽ എല്ലാവരും നഷ്ടമായിപ്പോകാം. ഒരുടമ്പടിക്കു ഭേദം വരാമെങ്കിൽ എല്ലാറ്റിനും ഭംഗം വരാം. അത്രയുമല്ല സുവിശേഷ വാഗ്ദത്തങ്ങളിലൊന്നും പിന്നെ വിശ്വസനീയമായിരിക്കയുമില്ല. അപ്പോൾ വേദപുസ്തകം ഒരു കെട്ടുകഥയാണെന്നും അതിൽ നമ്മുടെ സ്വീകരണത്തേയോ ബഹുമാനത്തേയോ അർഹിക്കുന്ന യാതൊന്നുംതന്നെയില്ലെന്നും വരും. ഒരു വിശുദ്ധൻ വീണു ആ നിലയിൽ അവസാനിച്ചു നാശത്തിലേക്കുപോകുമെന്നു വന്നാൽ അന്നുമുതൽ ഞാൻ ഒരു നിർവ്വിശ്വാസിയായിരിക്കും.

ദൈവം ഒരിക്കൽ എന്നെ സ്നേഹിച്ചെങ്കിൽ അങ്ങിനെ തന്നെ എന്നേക്കും സ്നേഹിക്കും. നിത്യ സ്നേഹത്തിൻെറ ഉദ്ദേശങ്ങൾക്കു നീക്കം വരാവുന്നതല്ല. എന്തെന്നാൽ ദൈവം വിളിച്ചവരെ നീതീകരിക്കുകയും നീതീകരിച്ചവരെ തേജസ്കരിക്കയും ചെയ്യുന്നു. ദൈവത്തിൻെറ മാറ്റമില്ലായ്മയേക്കുറിച്ച് ഇപ്പോൾ നാം വളരെ ആലോചിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി അവൻ മാറിക്കൂടാത്തവനാണെന്നുള്ളതിലേക്കു ഏതാനും ന്യായങ്ങൾ പറവാനാണ് ഞാൻ വിചാരിക്കുന്നത്. ഞാൻ ഒരു നിരൂപണ പ്രസംഗകനോ ന്യായവാദ തൽപ്പരനോ അല്ല. എങ്കിലും ഈ വിഷയത്തിൻെറ തെളിവിനായി എനിക്കു ഒന്നാമതായി പറയുവാനുള്ള ന്യായം ദൈവമെന്നുപറയുന്ന ആ ദിവ്യമൂർത്തിയുടെ അസ്ഥിത്വവും ആളത്വവും മാറ്റമുണ്ടാക്കുവാൻ കഴിയാത്തതാണെന്നത്രെ. ഒരു ദൈവമുണ്ട്; അവൻ സർവ്വത്തേയും ഭരിക്കുകയും നടത്തുകയും ചെയ്യുന്നു. ഈ ലോകത്തെ ആകൃതിപ്പെടുത്തിയതും പർവ്വതങ്ങളെ നിർമ്മിച്ചതും അവൻ തന്നെ. അങ്ങിനെയെങ്കിൽ ആ ദൈവം എങ്ങനെയുള്ളവനായിരിക്കണം. ഇപ്രകാരമുള്ള ദൈവം തത്വത്തിലോ ആളത്വത്തിലോ മാറാവുന്നവനെന്നുവന്നാൽ അതു സാധാരണ ബുദ്ധിക്കു ചേരുന്ന ഒരു സങ്കൽപ്പമല്ല. മാറിക്കൊണ്ടിരിക്കുന്ന സൃഷ്ടികളുടെ കർത്താവും മാറ്റമുള്ളവനാണെങ്കിൽ തൻെറ സൃഷ്ടികളേക്കൾ അവനുള്ള വൈശിഷ്ഠ്യം എന്താണ്? ഒരു സമചതുരത്തെ വൃത്തമായി ഗണിക്കുന്നതിനേക്കാൾ ദൈവത്തെ മാറാവുന്നവനായി വിചാരിക്കുന്നതാണ് എനിക്കു വിഷമകരമായി തോന്നുന്നത്.

മേൽപ്പറഞ്ഞ ന്യായം ധാരാളം മതിയായതാണെങ്കിലും ഒരു ന്യായം കൂടി പറയട്ടെ. ദൈവം സമ്പൂർണ്ണനായതുകൊണ്ട് അവനു മാറ്റമുണ്ടായിക്കൂടാ. നിങ്ങൾക്ക് അതു മനസ്സിലാകുന്നില്ലേ? ഇന്നു ഞാൻ സമ്പൂർണ്ണനായിരിക്കുനുവെന്നു വിചാരിക്കുക. അപ്പോൾ മാറാവുന്നതും മാറേണ്ടതുമായ സ്ഥിതിയാണ് എനിക്കുള്ളതെങ്കിൽ ഏതാനും വ്യതിയാനങ്ങളുടെ ശേഷമുണ്ടാകുന്ന നാളത്തെ സ്ഥിതിക്കു എന്തു നാമകരണം ചെയ്യാം? എനിക്കു മാറ്റമുണ്ടായിട്ടുണ്ടെങ്കിൽ അതു സമാന്യം നല്ലതായിരുന്ന അവസ്ഥയിൽ നിന്ന് അധികം നന്മയിലേക്കോ തിന്മയിൽനിന്നും നന്മയിലേക്കൊ ഉണ്ടായ മാറ്റമായിരിക്കണം. അങ്ങിനെ ഭേദം ഭവിക്കാവുന്ന ഒരു അവസ്ഥ മാത്രമാണ് എനിക്കുള്ളതെങ്കിൽ ഇന്നത്തെ നിലയെ പൂർണ്ണമെന്നു പറയുന്നതെങ്ങിനെ? ഞാൻ ഒരു നീചമനുഷ്യനായിരുന്നെങ്കിൽ അപ്പോൾ ഞാൻ നന്നാകേണ്ട ആവശ്യമുണ്ടായിരുന്നു. ആ നിലയിൽ എന്നെ പൂർണ്ണനെന്നു പറഞ്ഞുകൂടാ. ഞാൻ പൂർണ്ണനെങ്കിൽ എന്തെങ്കിലും അപൂർണ്ണത ഭവിക്കാതെ എനിക്കു മാറ്റമുണ്ടാകയില്ലല്ലോ. ഇന്നു ഞാൻ പൂർണ്ണനായിത്തീർന്നുവെന്നു വിചാരിക്കുക. നാളെയും സമ്പൂർണ്ണനായിരിക്കണമെങ്കിൽ ഇന്നത്തെനിലക്കു ഭേദം ഭവിക്കാതെ കാത്തുകൊള്ളേണ്ടതാണ്. ദൈവം പൂർണ്ണനെങ്കിൽ അവൻ അതേനിലയിൽതന്നെ എന്നും നിൽക്കേണ്ടതാണ്. കാരണം വ്യതിയാനം എപ്പോഴുണ്ടാകുന്നുവോ അപ്പോൾ അതിനു മുമ്പോ പിമ്പോ ഉള്ള ഏതെങ്കിലും ഒരുനില അപൂർണ്ണമെന്നു വന്നേമതിയാവൂ.

ഇനിയും പറയുവാനുള്ള ന്യായം ദൈവം വലിയവനായതുകൊണ്ട് അവനു മാറ്റമുണ്ടാകുവാൻ പാടില്ലെന്നുള്ളതാണ്. വലിയവനെന്നു പറഞ്ഞാൽ അതിൻെറ ശരിയായ നിർവ്വചനം എന്താണ്? ദൈവത്തെ വലിയവനെന്നു പറയുന്നുവെങ്കിലും അതിൻെറ ശരിയായ അർത്ഥം പറയുവാൻ കഴിയുന്ന യാതൊരു മനുഷ്യനും ഭൂമിയിലില്ലന്നാണ് ഞാൻ വിചാരിക്കുന്നത്. എന്നാൽ ഒരു സംഗതി യഥാർത്ഥമാണ്. രണ്ടു വലിയവരുണ്ടാകുവാൻ പാടില്ല. ഒന്നു സാക്ഷാൽ സർവ്വവല്ലഭത്വമുള്ളതെങ്കിൽ മറ്റൊന്നിനെ വലിയതെന്നു പറയുന്നത് നിരർത്ഥകമാണ്. വലിയതെന്നു പറഞ്ഞാൽ അതിനപ്പുറം മറ്റൊന്നില്ലെന്നു വരുന്നു. അതിന്

അളവില്ല, അതിരില്ല, അന്തവുമില്ല. ദൈവം ഇന്ന് വലിയവനായിരിക്കുകയും ഏതാനും മാറ്റം സംഭവിച്ചിട്ട് നാളെയും വലിയവനായിരിക്കുകയും ചെയ്യുന്നത് അസാദ്ധ്യം തന്നെ. അങ്ങനെ വന്നുകൂടല്ലോ. അത് അയുക്തികമാണ്. വലിയവന് എന്തെകിലും മാറ്റമുണ്ടായാൽ ചെറിയവനാകുകയെന്നേ വരാവൂ; അപ്പോൾ അവൻ ദൈവമല്ല. വലിയവനെന്നുള്ള വിചാരത്തോടുകൂടെത്തന്നെ ഒരു അഭേദ്യത നമ്മുടെ ബോധത്തിലേക്ക് തള്ളിക്കയറുന്നുണ്ട്. കാരണം വലിപ്പത്തിൻെറ ഫാലദേശത്തിൽ "മാറ്റമില്ലായ്മ" എന്നുള്ള തത്വം സ്വർണ്ണലിപികളിൽ എഴുതിയിരിക്കുന്നതു നമുക്കു കാണുവാൻ കഴിയും.

സഹോദരന്മാരേ! ഇനി കഴിഞ്ഞ കാലങ്ങളെ നാം പരിശോധിച്ചു നോക്കുകയാണെങ്കിൽ നിശ്ചയമായും ദൈവത്തിൻെറ മാറ്റമില്ലായ്മക്ക് ഏതാനും ശക്തിയേറിയ തെളിവുകൾ അവിടെനുന്നും ലഭിക്കുമെന്നുള്ളതിനു സന്ദേഹമില്ല. അവൻ എന്തെങ്കിലും പറഞ്ഞിട്ട് അങ്ങിനെ ചെയ്യാതിരുന്നിട്ടുണ്ടോ? അവൻ ആണയിട്ടിട്ട് മാറ്റിക്കളഞ്ഞിട്ടുണ്ടോ? യഹോവയേക്കുറിച്ച് അവൻ തൻെറ ഹിതമെല്ലാം നിറവേറ്റി. തൻെറ ഉദ്ധേശാനുസാരണം സകലവും പ്രവർത്തിച്ചു എന്ന് ധൈര്യസമേതം പറഞ്ഞുകൂടെയോ? നിങ്ങൾ തിരിഞ്ഞു ഫെലിസ്ത്യദേശത്തെ നോക്കുവിൻ. അത് ഇപ്പോൾ എവിടെ? "അസ്തോദേ, ഗസ്സയുടെ പടിവാതിലുകളേ! നിങ്ങൾ നശിച്ചുപോകുമെന്ന്" അവൻ പറഞ്ഞിട്ടില്ലയോ? ഇപ്പോൾ അവയുണ്ടോ? നാശം അവരെ വിഴുങ്ങിക്കളഞ്ഞില്ലേ? ഏദോം ഇപ്പോൾ എവിടെ? പെത്രോദേശത്തിലെ കോട്ടകളുടെ അവശിഷ്ടങ്ങളോടു ചോദിച്ചു തന്നെ തീരുമാനിക്കുവിൻ. "ഏദോം ഒരു ഇരയായി ഭവിക്കും; നാശം അതിനെ വിഴുങ്ങിക്കളയും." എന്നിപ്രകാരമുള്ള യഹോവയുടെ മാറ്റമില്ലാത്ത വാക്കുകൾ അവിടെ പ്രധിധ്വനിച്ചുകൊണ്ടല്ലയോ ഇരിക്കുന്നത്? ബാബേലെവിടെ? നിനവ എവിടെ? അമ്മോനും മോവാബും എവിടെ? നശിപ്പിച്ചുകളയുമെന്ന് യഹോവ അരുളിച്ചെയ്തിട്ടുള്ള ജാതികളിൽ ഏതെങ്കിലും ഇപ്പോഴുണ്ടോ? ദൈവം അവയ്ക്ക് ഉന്മൂലനാശം വരുത്തുകയും അവയുടെ ഓർമ്മപോലും ആകാശത്തിങ്കീഴിൽനിന്നു നീക്കിക്കളകയും ചെയ്തില്ലേ? എന്നാൽ ദൈവം തൻെറ ജനത്തെ നീക്കിക്കളഞ്ഞിട്ടുണ്ടോ? തൻെറ വാഗ്ദത്തങ്ങളെ അവൻ വല്ലപ്പോഴും ഓർക്കാതിരുന്നിട്ടുണ്ടോ? ഒരിക്കലെങ്കിലും അവൻ തൻെറ ആണയെ ലംഘിക്കുകയോ നിയമം അവഗണിക്കുകയോ ഉദ്ധേശത്തിന് ഭംഗം വരുത്തുകയോ ചെയ്തിട്ടുണ്ടോ? ദൈവം പറഞ്ഞിട്ട് അങ്ങിനെ ചെയ്യാതെ മാറിക്കളഞ്ഞതായി ഒരൊറ്റ സംഭവം കഴിഞ്ഞകാല ചരിത്രത്തിൽനിന്നു ചൂണ്ടിക്കാണിപ്പാൻ ഞാൻ സർവ്വലോകത്തേയും വെല്ലുവിളിക്കുന്നു. മാന്യരേ! നിങ്ങൾക്ക് അതു സാധ്യമല്ല. എന്തെന്നാൽ അഭേദ്യമായ ഒരുദ്ധേശത്തോടുകൂടെ ദൈവം തൻെറ കാര്യപരിപാടി നിറവേറ്റിക്കൊണ്ടിരിക്കുന്നതായി കഴിഞ്ഞകാല ചരിത്രം ഉച്ചൈസ്തരം പ്രഘോഷിക്കുന്നു. എന്നാൽ പക്ഷേ; ചിലർ ഹിസ്കിയാവിൻെറ കാര്യത്തിൽ ദൈവം തൻെറ പ്ലാൻ ഭേദപ്പെടുത്തിയതായി ഒരു സംഭവം ചൂണ്ടിക്കാണിപ്പാൻ മുതിരുമായിരിക്കാം. ശരി തന്നെ. അതു എൻെറ ഓർമ്മയിലും വരുന്നു. ഹിസ്കിയാവിൻെറ മരണവൃത്താന്തമാണ് നിങ്ങൾക്ക് കാണിപ്പാനുള്ളത്. ഞാനും ഒരുകാലത്ത് അങ്ങിനെതന്നെ വിചാരിച്ചു. രോഗിയായ രാജാവിൻെറ അടുക്കൽ യെശയ്യാ പ്രവാചകൻ കടന്നു ചെന്ന് രാജാവെ! നീ മരിക്കും, നിൻെറ രോഗം സൗഖ്യമാകുന്നതല്ല. അതുകൊണ്ട് നിൻെറ ഗൃഹകാര്യങ്ങൾ ക്രമീകരിച്ചുകൊൾക എന്നു പറഞ്ഞു. അപ്പോൾ രാജാവ് തൻെറ മുഖം ചുവരിനു നേരെ തിരിച്ചു പ്രാർത്ഥിപ്പാൻ തുടങ്ങി. എന്നാൽ പ്രവാചകൻ പടിവാതിൽ കടക്കുന്നതിനു മുമ്പുതന്നെ മടങ്ങിച്ചെന്ന് രാജാവ് പതിനഞ്ച് സംവത്സരം കൂടി ജീവിച്ചിരിക്കുമെന്ന് പറവാൻ യഹോവ അരുളിച്ചെയ്തു. നിശ്ചയമായും ഈ സംഭവത്തിൽ ദൈവം തൻെറ കാര്യപരിപാടി മാറ്റിയതായി ചിലർക്കു

തോന്നിയേക്കാം. എന്നാൽ എനിക്ക് അങ്ങിനെ തോന്നുന്നില്ല. കാരണം ഈ സംഭവത്തിനു ശേഷമാണ് ഹിസ്കിയാവിന് മനശ്ശെ ജനിക്കുന്നത്. ആ രോഗത്തിൽ ഹിസ്കിയാവ് മരിച്ചിരുന്നെങ്കിൽ മനശ്ശെയോ യോശിയാവോ ക്രിസ്തുവോ ജനിക്കയില്ലായിരുന്നു. കാരണം മനശ്ശെയുടേ വംശത്തിലത്രേ ക്രിസ്തു ജനിച്ചത്. അതുകൊണ്ട് ക്രിസ്തുവിൻെറ ജനനം മുമ്പുകൂട്ടി അറിഞ്ഞിരുന്നവനും നിശ്ചയിച്ചിരുന്നവനുമായ ദൈവം ഹിസ്കിയാവിൻെറ രോഗവാർത്തയും മുമ്പുകൂട്ടി അറിഞ്ഞിരുന്നുവെന്ന് തീരുമാനിക്കരുതോ. ഹിസ്കിയാവിൻെറ മരണ സമയത്ത് മനശ്ശെക്ക് പന്ത്രണ്ടു വയസ്സുപ്രായമുണ്ടായിരുന്നു. അങ്ങിനെയങ്കിൽ ഈ സംഭവം കഴിഞ്ഞശേഷമായിരിക്കണം മനശ്ശ ജനിച്ചത്. ദൈവത്തിൻെറ നിത്യോദ്ദേശ മായ ക്രിസ്തുവിൻെറ വംശാവലി മനശ്ശെയെക്കൂടാതെ പൂർത്തിയാകുന്നതല്ല. അതുകൊണ്ട് ദൈവത്തിൻെറ കാര്യപരിപാടിയിൽ മനശ്ശെയുടെ ജനനം കുറിച്ചിരുന്നുവെന്നും അവൻ മുമ്പുതന്നെ അറിഞ്ഞിരുന്നുവെന്നും നിങ്ങൾ വിശ്വസിക്കുന്നില്ലേ? നിശ്ചയമായി അങ്ങിനെ തന്നെ. രോഗിയായ രാജാവിൻെറ അടുക്കൽ യെശയ്യാ പ്രവാചകൻ കടന്നുചെന്ന് രാജാവേ! നിൻെറ രോഗം സുഖപ്പെടുന്നതല്ല; എന്നാൽ നിന്നെ സൗഖ്യമാക്കുവാൻ യഹോവയ്ക്കു കഴിയും എന്നു പറയേണ്ടതാണെന്നുള്ള സംഗതിയും ദൈവത്തിൻെറ നിത്യോദ്ദേശത്തിൽ പെട്ടതുതന്നെയായിരുന്നു. ഈ സംഭവത്തിൽ രാജാവ് ദൈവത്തോടു പ്രാർത്ഥിപ്പാൻ ഒരു പ്രത്യേക അവസരം കൊടുക്കുകമാത്രമാണ് ചെയ്തത്. ഇതിൽ എന്തെങ്കിലും പൂർവ്വാപര വിരുദ്ധതയുണ്ടോ? ദൈവത്തിനു വിരോധമായി മത്സരിക്കുവാൻ വട്ടം കൂട്ടുന്ന വേദവിരോധികളുടെ തലച്ചോറിൽ പ്രതിഫലിക്കുമ്പോൾ ഇതു പൂർവ്വാപര വിരുദ്ധമായും ദൈവത്തിൻെറ മാറ്റമില്ലായ്മക്ക് ഒരു വിപരീത സാക്ഷിയായും തീർന്നേക്കാം. എന്നാൽ സഹൃദയന്മാരുടെ സംഘം ദൈവത്തിൻെറ കരുണയുടേയും നിത്യോദ്ദേശത്തിൻേറയും വിലയേറിയ തെളിവുകളിൽ ഒന്നായിട്ടാണ് ഈ വേദഭാഗം കാണുന്നത്.

**ഇനി പ്രസംഗ വാക്യത്തിൻെറ ദ്വിതീയ ശൃംഗത്തിൽ നമുക്കു പ്രവേശിക്കാം.**

ഈ മാറ്റമില്ലാത്ത ദൈവം ആർക്ക് അനുകൂലിയായിരിക്കുന്നുവോ ആ യാക്കോബിൻെറ പുത്രന്മാരെക്കുറിച്ചു കൂടെ ഏതാനും വാക്കുകൾ ഞാൻ പറഞ്ഞുകൊള്ളട്ടെ. "യഹോവയയ ഞാൻ മാറാത്തവൻ; അതുകൊണ്ട് യാക്കോബിൻെറ പുത്രന്മാരെ നിങ്ങൾ നശിച്ചുപോകാതിരിക്കുന്നു." ഈ യാക്കോബിൻെറ പുത്രന്മാർ ആരാണ്? ആര് ഈ മാറ്റമില്ലാത്ത ദൈവത്തിൽ ഉല്ലസിക്കും? ഒന്നാമതായി പ്രസ്താവിപ്പാനുള്ളത് അവർ ദൈവത്തിൻെറ തിരഞ്ഞെടുപ്പിൻ പുത്രന്മാരാണെന്നത്രേ. വചനത്തിൽ അങ്ങിനെ എഴുതിയിരിക്കുന്നുവല്ലോ. "ശിശുക്കൾ ജനിക്കുകയോ നന്മയോ തിന്മയോ പ്രവർത്തിക്കുകയോ ചെയ്യുന്നതിനു മുമ്പുതന്നെ ഞാൻ യാക്കോബിനെ സ്നേഹിച്ചു ഏശാവിനെ പകച്ചു"; "മൂത്തവൻ ഇളയവനെ സേവിക്കും." നിത്യതക്കായി ദൈവം മുന്നറിഞ്ഞവരും മുന്നിയമിച്ചവരുമായ യാക്കോബിൻെറ പുത്രന്മാരെപ്പോലെ ധന്യരായവർ ആരുള്ളു?

അവർ പ്രത്യേക പദവികളും അവകാശങ്ങളും പ്രാപിച്ചവരാണ്. ജന്മനാ ഈ അവകാശത്തിലേക്ക് പ്രവേശിപ്പാൻ യാക്കോബ് അർഹതയില്ലാത്തവനാണെന്ന് നിങ്ങൾക്ക് അറിയാമല്ലോ. ഏന്നാൽ തത്സമയത്ത് അവൻ അത് കൈവശപ്പെടുത്തി. തൻെറ സഹോദരനായ ഏശാവുമായി ഒരു പാത്രം പായസം കൈമാറ്റം ചെയ്കയാലാണ് അവൻ ഈ അവകാശം കരസ്ഥമാക്കിയത്. യാക്കോബ് ജനനാവകാശം കൈവശപ്പെടുത്തുവാൻ

ഉപയോഗിച്ച മാർഗ്ഗം ഞാൻ ആദരിക്കുകയോ നീതീകരിപ്പാൻ ശ്രമിക്കുകയോ ചെയ്യുന്നില്ല. പക്ഷേ അവൻ അനുഗ്രഹീതനായത് അതിനാലാണെന്ന് പറയാതിരിപ്പാനും തരമില്ല. പ്രത്യേക പദവികൾക്കും അവകാശങ്ങൾക്കും യോഗ്യമായ ഈ യാക്കോബുപുത്രന്മാർ "അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അധികാരം കൊടുത്തു" എന്ന് ആരേക്കുറിച്ച് എഴുതിയിരിക്കുന്നുവോ ആ പുതിയനിയമ വിശുദ്ധന്മാരല്ലെങ്കിൽ പിന്നെ ആരാണ്? അവർ ക്രിസ്തുവിന്റെ രക്തത്തിൽ പങ്കുള്ളവരും സാക്ഷാലുള്ള വാതിലിൽകൂടി നഗരത്തിലേക്ക് പ്രവേശിപ്പാൻ അവകാശമുള്ളവരുമത്രെ. ദൈവമക്കളെന്ന് അഭിമാനപൂർവ്വം തങ്ങളേത്തന്നെ വിളിക്കുവാൻ യോഗ്യരായ ഇവരുടെ സ്ഥാനപ്പേർ നിത്യബഹുമതിയോടുകൂടിയതും ഇവരുടെ വാഗ്ദത്തം അനശ്വരമായ തേജസ്സോടു കൂടിയതും തന്നെ.

യാക്കോബിന്റെ പുത്രന്മാർ വിശിഷ്ഠമായ വെളിപ്പടു ലഭിച്ചവരാണ് യാക്കോബിനു ശ്രേഷ്ഠമായ ദൈവീക വെളിപ്പടുകൾ ലഭിച്ചതുകൊണ്ട് അവൻ അത്യന്തം ഉയർത്തപ്പെട്ടു. ഒരു രാത്രി അവൻ കിടന്നുറങ്ങി. ചക്രവാളം അവന്റെ മറശീലയും ആകാശം മേൽക്കട്ടിയും ഒരു കല്ല് അവന് തലയിണയും വെറുംനിലം അവന്റെ കിടക്കയുമായിരുന്നു. ആ രാത്രിയിലത്രേ മനോഹരമായ ദൈവീക ദർശനം അവനുണ്ടായത്. ആകാശത്തോളം എത്തുന്ന ഗോവണി അവന് പ്രത്യക്ഷപ്പെട്ടു. അതിൽകൂടി ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്തു. നിശ്ചയമായും അവൻ കണ്ട ഈ കാഴ്ച സ്വർഗ്ഗഭൂമികളെത്തമ്മിൽ യോജിപ്പിക്കുന്ന കർത്താവായ യേശുക്രിസ്തുവും സ്വർഗ്ഗീയകൃപകളോടുകൂടെ നമ്മുടെ അടുക്കലേക്കു കടന്നുവരുന്ന ദൂതന്മാരുമാകുന്നു. അനന്തരം മഹനയീമിലെ കൂടിക്കാഴ്ചയും യഹോവയുടെ ദൂതനുമായി നടത്തിയ മൽപിടുത്തവും ആശ്ചര്യപ്രദങ്ങളും വിശിഷ്ഠതരങ്ങളുമല്ലയോ?

ഇനിയും പറയുവാനുള്ളത് അവർ പ്രത്യേക പരിശോധനകൾ അനുഭവിക്കേണ്ട മനുഷ്യരാണെന്നത്രെ. ഹാ! സാധുവായ യാക്കോബേ! ഞാൻ നിന്റെ അനുഗ്രഹങ്ങളേക്കുറിച്ചു നന്നായി അറിഞ്ഞിരുന്നില്ലെങ്കിൽ നിന്റെ പരിശോധനകളുടെ പങ്ക് ആഗ്രഹിക്കയില്ലായിരുന്നു. നിന്റെ പങ്ക് അത്ര വൈഷമ്യമേറിയതാണ്. തന്റെ പിതാവിന്റെ ഭവനം വിട്ട് അവൻ ഓടിപ്പോകേണ്ടിവന്നു. ലാബാന്റെ കൂടെയുള്ള അധിവാസകാലം മുഴുവനും മനോദു:ഖത്തിന്റെ പ്രത്യേക സന്ദർഭങ്ങൾ തന്നെയായിരുന്നു. ഭാര്യയുടെ കാര്യത്തിൽ ലാബാൻ യക്കോബിനെ വഞ്ചിച്ചു. ശമ്പളക്കാര്യത്തിൽ ചതിച്ചു. അവന്റെ ചരിത്രം മുഴുവൻ കാപട്യംകൊണ്ട് നിറഞ്ഞിരിക്കുന്നു. പിന്നീടിതാ പൂർവ്വശത്രുവായ ഏശാവ് നാനൂറാളുകളുമായി വന്നെതിർപെടുന്നു. അതുമല്ല യഹോവയുടെ ദൂതനുമായി മല്ലുപിടിച്ചു ക്ഷീണിച്ച് തന്റെ ആയുസ്സിന്റെ ശേഷിച്ച കാലം മുഴുവൻ തുടത്തടം ഉളുക്കി മുടന്തനായി കഴിച്ചുകൂട്ടേണ്ടിവന്നു. ഇതുകൊണ്ടും അവന്റെ പരിശോധനകൾ അവസാനിച്ചില്ല. അവന്റെ പ്രേമഭാജനമായിരുന്ന റാഹേൽ മരിച്ചു. തന്റെ ഓമനമകളായിരുന്ന ദീന മലിനപ്പെടുകയാൽ അപമാനത്തിനു ഇടയായി. ശേഖേമ്യരുടെ സംഹാരം മനോവ്യഥയ്ക്ക് കാരണം ഉണ്ടാക്കി. പ്രിയപുത്രനായ യോസേഫ് ഈജിപ്റ്റിലേക്ക് വിൽക്കപ്പെട്ടു. വലിയ ക്ഷാമമുണ്ടയി. രൂബേൻ പിതാവിന്റെ കിടക്കയിൽ പ്രവേശിച്ച് അതിനെ മലിനമാക്കി. യഹൂദാ തന്റെ സ്വന്തം മരുമകളെ ഭാര്യാപദത്തിലേക്ക് സ്വീകരിച്ചു. എന്തിന് അവന്റെ പുത്രന്മാരെല്ലാവരും അവന് ഒരു ബാധപോലെയായിത്തീർന്നു. ഒടുവിലായി ബെന്യാമീൻ അവനെ വിട്ടുപിരിയേണ്ടിവന്നു. കേൾക്കുവീൻ! ആ മഹാവൃദ്ധൻ ഹൃദയവേദനയോടുകൂടി കരഞ്ഞു പറയുന്ന ശബ്ദങ്ങളാവിത്: യോസേഫില്ല, ശിമയോനുമില്ല; ഇപ്പോൾ ബെന്യാമിനേയും എന്റെ

അടുക്കൽനിന്നും കൊണ്ടുപോകുന്നു. തൻെറ ആയുസ്സിൽ യാക്കോബിനെപ്പോലെ ദു;ഖമനുഭവിച്ച മനുഷ്യൻ വേറെയില്ല. തൻെറ സഹോദരനെ ചതിച്ച ഒരു കുറ്റമാണ് അവനിൽ കാണുന്നത്. പക്ഷേ അവൻെറ ജീവിതം മുഴുവനും ദു:ഖത്തിൻെറയും സങ്കടങ്ങളുടേയും ഒരു രംഗസ്ഥലമായിട്ടാണ് ഇപ്പോൾ തീർന്നിരിക്കുന്നത്. ദൈവത്തിൻെറ ശിക്ഷാക്രമത്തിൽകൂടി തന്നെ അവൻ കടന്നുപോകേണ്ടിവന്നു. നിശ്ചയമായും യാക്കോബിൻെറ സഹോദരന്മാരായ അനേകർ ഇപ്പോൾ എൻെറ കേൾവിക്കാരുടെ കൂട്ടത്തിലുണ്ടായിരിക്കുമെന്ന് ഞാൻ വിചാരിക്കുന്നു. അവനേപ്പോലെതന്നെ അവരും നിസ്തുല്യമായ പരീക്ഷകളിൽകൂടെ കടന്നുപോകുന്നു. അതേ! ക്രൂശു വാഹകന്മാരേ! കർത്താവിൻെറ ശബ്ദം കേൾക്കുവീൻ “യഹോവയായ ഞാൻ മാറാത്തവനായതുകൊണ്ട് യാക്കോബിൻെറ പുത്രന്മാരേ നിങ്ങൾ നശിച്ചുപോകുനില്ല.” പരിശോധിക്കപ്പെടുന്ന സാധു സഹോദരാ, നിൻെറ ദൈവം മാറ്റമില്ലാത്തവനായതുകൊണ്ട് നീ നശിക്കാതിരിക്കുന്നു. തളർന്നുപോകരുത് നിൻെറ പ്രയാസങ്ങൾ കണ്ടുകൊണ്ട് ഞാൻ ദു:ഖമുള്ള മനുഷ്യനും ഖേദം ശീലിച്ചവനുമെന്നു നീ പറയരുത്. യേശുവിൻെറ കഷ്ടങ്ങളോടു തുലനംചെയ്‌വാൻ തക്ക പ്രയാസങ്ങൾ നിനക്കില്ല. പരിശോധനയാകുന്ന വസ്ത്രത്തിൻെറ തൊങ്ങൽ മാത്രമേ നീ കണ്ടിട്ടുള്ളു. പരിശോധനകളെന്താണെന്നു നിനക്ക് അറിയാമോ? ആ പാനപാത്രത്തിൽനിന്ന് നീ കുറേശ്ശെ കുടിച്ചിട്ടുണ്ടായിരിക്കാം. പക്ഷേ ഒന്നോ രണ്ടോ തുള്ളി മാത്രമേ ഇതുവരെ നിൻെറ അകത്തു ചെന്നിട്ടുള്ളൂ. യേശുവോ അതു മട്ടോളം കുടിച്ചു. ഭയപ്പെടേണ്ടാ എന്ന് കർത്താവു പറയുന്നു. എന്തെന്നാൽ “യഹോവയായ ഞാൻ മാറ്റമില്ലാത്തവൻ; അതുകൊണ്ട് യാക്കോബിൻെറ പുത്രന്മാരേ നിങ്ങൾ നശിച്ചുപോകാതിരിക്കുന്നു.”

നിങ്ങൾ യാക്കോബിൻെറ പുത്രന്മാരോ എന്ന് അറിയേണ്ടതിന്ന് യാക്കോബിൻെറ മക്കളെക്കുറിച്ച് ഒരു സംഗതികൂടെ നമുക്ക് ആലോചിക്കാം. അവർ പ്രത്യേക സ്വഭാവമുള്ള മനുഷ്യരാണ്. നമുക്ക് ആദരിപ്പാൻ കഴിയാത്ത അനേക കാര്യങ്ങൾ യക്കോബിൻെറ ജീവിതത്തിലുണ്ടെങ്കിലും ദൈവം ആദരിക്കുന്ന ഒന്നു രണ്ടു സംഗതികൾ അവൻെറ ജീവിതത്തിലുണ്ടെന്നുള്ളത് സന്തോഷപ്രദം തന്നെ. ഭൂമിയിൽ തങ്ങളുടെ വാഗ്ദത്തപ്പൊരുൾ പ്രാപിക്കാത്തവരെങ്കിലും സ്വർഗ്ഗീയ പ്രതിജ്ഞയുടെ പങ്കാളികളായി ശോഭിക്കുന്ന ആത്മീയവീരന്മാരുടെ പട്ടികയിൽ അവൻേറയും പേരെഴുതുവാൻ കാരണമായിത്തീർന്ന വിശ്വാസമത്രേ അവയിലൊന്ന്. സഹോദരന്മാരേ, നിങ്ങൾ വിശ്വാസത്തിൻെറ മനുഷ്യരോ? പ്രിയനേ! വിശ്വാസത്താൽ നടക്കയെന്നോ ജീവിക്കയെന്നോ പറഞ്ഞാൽ അതിൻെറ സാരം എന്താണെന്നു നീ ഗ്രഹിച്ചിട്ടുണ്ടോ? നിൻെറ ദിവസംപ്രതിയുള്ള ആഹാരം വിശ്വാസത്താൽ പ്രാപിപ്പാൻ നീ അഭ്യസിച്ചിട്ടുണ്ടോ? ഹാ! വിശ്വാസമാകുന്ന അത്മീക മന്നയാൽ നീ പോഷിപ്പിക്കപ്പേട്ടിട്ടുണ്ടൊ? വിശ്വാസം നിൻെറ ജീവിതത്തിൻെറ ഒരു സ്ഥിരപ്രമാണമാണോ? അങ്ങനെയെങ്കിൽ തീർച്ചയായും നീ യാക്കോബിൻെറ പുത്രന്മാർ തന്നെ.

അടുത്തതായി പറയുവാനുള്ളത് യാക്കോബ് ഒരു പ്രാർഥനാ മനുഷ്യനായിരുന്നു എന്നുള്ളതാണ്. മൽപിടുത്തം കഴിച്ചവനും ഞരങ്ങി നിലവിളിച്ച് പ്രാർത്ഥിച്ചവനുമായ മനുഷ്യൻ അവനത്രേ. ഈ യോഗത്തിലെക്ക് വരുന്നതിനു മുമ്പ് പ്രാർത്ഥിക്കാത്ത ഒരു മനുഷ്യൻ അതാ! അവിടെ ഇരിക്കുന്നു. ഹാ! സാധുവായ പുറജാതിക്കാരാ! നീ പ്രാർത്ഥിക്കുന്നില്ല. അനേക വർഷങ്ങളായി ഞാൻ പ്രാർത്ഥിക്കാറില്ല. അതിൻെറ ആവശ്യം എനിക്കു തോന്നുന്നുമില്ല എന്നായിരിക്കാം നിനക്കു മറുപടി പറവാനുള്ളത്, ശരിതന്നെ. പക്ഷെ നിൻെറ മരണത്തിനു മുൻപ് നീ പ്രാർത്ഥിക്കുമെന്ന് ഞാൻ വിചാരിക്കുന്നു. നീ

പ്രാർത്ഥിക്കാത്തവനായി ജീവിക്കുകയും മരിക്കുകയും ചെയ്യുന്നെങ്കിൽ നരകത്തിലെത്തുമ്പോൾ അവിടെ നീ അവസാനമില്ലാതെ പ്രാർത്ഥിക്കും. സമയമില്ല: ഇതാ ഒരു സ്ത്രീ ഇരിക്കുന്നു. അവൾ ഇന്നു രാവിലെ പ്രാർത്ഥിച്ചില്ല. തൻെറ മക്കളെ സണ്ടേസ്കൂളിൽ വിടുന്ന ബദ്ധപ്പാടിലായിരുന്നതുകൊണ്ട് അവൾക്ക് പ്രാർത്ഥിപ്പാൻ സാധിച്ചില്ല. അവൾക്ക് പ്രാർത്ഥിപ്പാൻ സമയമില്ലായിരുന്നുപോലും! നിനക്ക് വസ്ത്രധാരണം ചെയ്വാൻ സമയമുണ്ടായിരുന്നുവോ? ആകാശത്തിനു കീഴിലുള്ള സകല സംഗതികൾക്കും ഒരു ഉദ്ധേശവും നിശ്ചയവുമുണ്ട്. പ്രാർത്ഥനയേക്കുറിച്ച് നിനക്ക് ഒരു ഉദ്ധേശമുണ്ടായിരുന്നുവെങ്കിൽ നീ തീർച്ചയായും പ്രാർത്ഥിക്കുമായിരുന്നു. പ്രാർത്ഥന കൂടാതെ ജീവിപ്പാൻ ദൈവമക്കൾക്ക് സാധ്യമല്ല. അവർ മല്ലു പിടിക്കുന്ന യക്കോബന്മാരാണ്. ശ്വാസോച്ഛ്വാസം കൂടാതെ എനിക്ക് ജീവിപ്പാൻ കഴിയാത്തതുപോലെ അവർ പരിശുദ്ധാത്മാവിനാൽ പ്രേരിപ്പിക്കപ്പെടുന്നവരത്രേ. അവർക്കു പ്രർത്ഥിച്ചേ കഴിയൂ. മാന്യന്മാരേ! നിങ്ങൾ നിങ്ങളേത്തന്നെ ശോധന ചെയ്യുവീൻ. നിങ്ങൾ പ്രാർത്ഥനാരഹിത്രായി ജീവിക്കുന്നു എങ്കിൽ നിങ്ങളുടെ ജീവിതം ക്രിസ്തുവില്ലാത്തതും നിങ്ങളുടെ മരണം അഗ്നികത്തുന്ന തീപൊയ്കയിലെ അവകാശത്തിലേക്കു നിങ്ങളെ ബദ്ധപ്പെടുത്തുന്നതുമായിരിക്കും. അങ്ങനെയുള്ള നിലയിൽനിന്നു ദൈവം നിങ്ങളെ വിടുവിക്കുകയും ഉദ്ധരിക്കുകയും ചെയ്യട്ടെ. യാക്കോബിൻെറ പുത്രന്മാരായി നിങ്ങൾ ആശ്വസിക്കുവീൻ; എന്തെന്നാൽ നിങ്ങളുടെ ദൈവം മാറ്റമില്ലാത്തവനാകുന്നു.

**നമ്മുടെ വിഷയത്തിൻെറ മൂന്നാം ഭാഗത്തിലേക്കു കടക്കട്ടെ.**

ഇതു സംബധിച്ചു എനിക്കു ദീർഘമായി പറവാൻ കഴിയുന്നില്ല. സമയം അത്രക്കു കടന്നു പോയിരിക്കയാണ്. മാറ്റമില്ലാത്ത ഈ ദൈവത്തിൽ നിന്ന് യാക്കോബിൻെറ പുത്രന്മാർ അനുഭവിക്കുന്ന നന്മ അവർ നശിച്ചുപോകുന്നില്ലെന്നുള്ളതാണ്. നാം നരകത്തിൽ നശിക്കേണ്ടതായിരുന്നു. ദൈവം മാറിക്കളയുന്നവനായിരുന്നെങ്കിൽ നാമെല്ലാവരും നശിച്ചു പോകുമായിരുന്നു. നിശ്ചയമായും നരകാഗ്നിക്കു ഇരയായിത്തീരേണ്ടതായ ഒരു വിറകുകൊള്ളി മാത്രമാകുമായിരുന്നു. നരകത്തിൽ എത്തുന്നതിനുമുമ്പ് ഈ ലോകത്തിൽ വച്ചുതന്നെ നശിച്ചുപോകുന്ന ഒരു അവസ്ഥയുണ്ട്. “ജീവിച്ചിരിക്കുമ്പോൾ തന്നെ മരിച്ചവരായിരിക്കുക” നമ്മുടെ സ്വന്ത മോഹങ്ങൾക്കൊത്തവണ്ണം നമ്മെ വിട്ടിരുന്നുവെങ്കിൽ ഇപ്പോൾ നമ്മിൽ പലരും എവിടെയായിരിക്കുമായിരുന്നു? മദ്യപിച്ചുകൊണ്ട് സർവ്വശക്തനെതിരായി ദൈവദൂഷണം പറയുന്ന അഹങ്കാരികളായ മദ്യപന്മാരോദുകൂടെ നാമും കൂത്താടിക്കൊണ്ടിരിക്കുമായിരുന്നു. പ്രിയ സ്നേഹിതാ! നീ പാപിയായിരുന്നിട്ടും ദൈവം നിന്നെ ഉപേക്ഷിച്ചു കളഞ്ഞില്ലല്ലോ. ദൈവം മാറുന്നവനായിരുന്നുവെങ്കിൽ നീ അധർമ്മികളിൽ പ്രധാനനും അശുദ്ധന്മാരിൽ മുമ്പനുമായിരിക്കുമായിരുന്നു. ഇപ്രകാരമുള്ള ഘട്ടങ്ങളോടു നിങ്ങൾ എത്രയും സമീപിച്ചിരുന്നതു നിങ്ങളുടെ ഓർമ്മയിലും വരുന്നില്ലേ. ഞാൻ പാപകൂപത്തിൻെറ വക്കോളം ചെന്നെത്തിയതും എനിക്ക് അതിനെ എതിർക്കുവാൻ കഴിയാതെവണ്ണമുള്ള ചില ശക്തിയേറിയ പരീക്ഷകൾ എൻെറ രണ്ടു കയ്യും കൂട്ടിപ്പിടിച്ചിരുന്നതും ഞാൻ ഓർക്കുന്നു. ഏതോ ചില പൈശാചിക ശക്തികൾ എന്നെ ഉന്തിത്തള്ളിയും വലിച്ചിഴച്ചും ഭയങ്കരമായ കിഴുക്കാം തൂക്കിലേക്ക് കൊണ്ടുപോയതും ഞാൻ അറിയുന്നു. ഞാൻ താഴത്തേക്കു നോക്കി എൻെറ ഓഹരി അവിടെ കണ്ടു. ഹാ! എൻെറ നാശം കണ്ടു ഞാൻ കിടുകിടെ വിറച്ചുപോയി. ഞാൻ ചെയ്യുവാൻ പോകുന്ന പാപത്തെക്കുറിച്ചും തൽഫലമായി ഞാൻ നിപതിക്കുവാൻപോകുന്ന വഴിയേക്കുറിച്ചും

ഓർത്തു ഞാൻ വല്ലാതെ പരിഭ്രമിച്ചു. കർത്താവിനു മഹത്വമുണ്ടാകട്ടെ! ഒരു ശക്തിയേറിയ കൈയ്യത്രേ എന്നെ അവിടെനിന്നും രക്ഷിച്ചത്. ഞാൻ അവിടെനിന്നു പിന്തിരിഞ്ഞ് ഇങ്ങനെ നിലവിളിച്ചു: അയ്യോ ദൈവമേ! പാപത്തോട് എനിക്കിത്രത്തോളം അടുത്തുചെല്ലാമായിരുന്നുവോ? പാപത്തോടിത്രവളരെ സമീപിച്ച ഞാൻ അവിടെനിന്നും എങ്ങിനെ പിന്തിരിഞ്ഞു? എങ്ങനെ രക്ഷപെട്ടു? നെബുക്ക്ദ്നേസറിൻെറ ബലവാന്മാരെ ദഹിപ്പിച്ചുകളഞ്ഞ അഗ്നിയിലേക്ക് നേരെ നടന്നു ചെന്നശേഷം അതിൽ വീണു നശിച്ചുപോകാതെ ഈ ബലഹീനൻ രക്ഷപെട്ടത് എങ്ങനെ? എൻെറ ആലോചനകളിൽകൂടെ കടന്നുപോയിട്ടുള്ള അശുദ്ധ വിചാരങ്ങളും എൻെറ ജീവിതത്തെ മലിനപ്പെടുത്തിയ പാപങ്ങളുടെ സംഖ്യയുമോർത്താൽ ഇന്നു രാവിലെ ഈ പ്രസംഗപീഠത്തിൽ പ്രവേശിപ്പാൻ ഞാൻ ഒരുതരത്തിലും യോഗ്യനല്ല. എന്നാൽ ഇന്നു രാവിലെ ഞാൻ ഇവിടെ നിൽക്കുവാൻ ഇടയായതു എൻെറ ദൈവം അവ്യയമുള്ളവനായതുകൊണ്ടു മാത്രമാണ്. ദൈവം മാറിക്കളയുന്നവനായിരുന്നുവെങ്കിൽ നാം നശിച്ചുപോകുവാൻ അനേക മാർഗ്ഗങ്ങളുണ്ടായിരുന്നു. നമുക്കുതന്നെ നാശത്തിനായി നാം ഒരുങ്ങി ആത്മഹത്യക്ക് തയ്യാറായപ്പോഴും ജീവനാശം വരുത്തുവാൻ വിഷംകലർത്തിയ പാനപാത്രം കയ്യിലെടുത്തപ്പോഴും മാറ്റമില്ലാത്ത ദൈവമല്ലയോ ആ ആയുധവും വിഷദ്രാവകവും നമ്മുടെ കൈയ്യിൽനിന്നും തട്ടിപ്പറിച്ചെറിഞ്ഞ് നമ്മെ രക്ഷിച്ചത്. അങ്ങനെ നാം തന്നെ നമുക്കു നാശം ചെയ്യാതെ അവൻ നമ്മെ വിടുവിച്ചെങ്കിലും അവനു നമ്മെ നശിപ്പിക്കുവാൻ കഴിയുമായിരുന്നു.

നാം ദൈവത്തെ പിതാവെന്നു വിളിക്കുന്നുവല്ലോ. ദൈവത്തിൻെറ കുടുംബം പോലെ മത്സരികളായ മക്കളോടുകൂടിയ വേറൊരു കുടുംബമില്ല. അഥവാ ഇത്രത്തോളം മത്സരികളായ മക്കളെ അനേക വർഷങ്ങൾക്കു മുമ്പ് കൊന്നൊടുക്കിക്കളയാതിരിക്കത്തക്കവണ്ണം അത്ര സഹിഷ്ണതയുള്ള യാതൊരു പിതാവും ഭൂമിയിലില്ല. ലോകത്തിലുള്ള എല്ലാ കുടുബങ്ങളേക്കാളും മാത്സര്യമുള്ള കുടുബം ദൈവത്തിൻെറ കുടുംബമാണ്. അവിശ്വാസികളും നന്ദികെട്ടവരും അനുസരണമില്ലാത്തവരും മറന്നുകളയുന്നവരും മത്സരികളും തന്നിഷ്ടക്കാരും പിറുപിറുപ്പുകാരും കഠിനകണ്ഠന്മാരുമായ അംഗങ്ങളേക്കൊണ്ട് ആ കുടുംബം നിറഞ്ഞിരിക്കുന്നു. നിശ്ചയമായും അവൻ ദീർഘക്ഷമയുള്ളവനാല്ലയിരുന്നുവെങ്കിൽ നമ്മിലനേകരും വടിയാലല്ല, വാളാൽതന്നെ ഇതിനു വളരെ മുമ്പേ ശിക്ഷിക്കപ്പെടുമായിരുന്നു. എന്നാൽ ഇപ്പോൾ അവന് നമ്മോടുള്ള സ്നേഹം കുറഞ്ഞുപോകുന്നതിനും ആദിയിൽ നമ്മെ അധികം സ്നേഹിക്കുന്നതിനും കാരണമായി ഒന്നും തന്നെ ആദിയിൽ നമുക്കുണ്ടായിരുന്നില്ല. തിരഞ്ഞെടുപ്പിൻെറ ഉപദേശം തെളിയിക്കുവാൻവേണ്ടി ദൈവഭക്തയായ ഒരു സ്ത്രീ ഒരിക്കൽ പറഞ്ഞ രസപ്രദമായ ഏതാനും വാക്കുകൾ പ്രസിദ്ധ ശാസ്ത്രജ്ഞനായ ജോൺ ന്യൂട്ടൻ പലപ്പോഴും ഉദ്ധരിക്കുകയും അതു പറഞ്ഞു ചിരിക്കയും സാധാരണമായിരുന്നു. സാറേ! ദൈവം എന്നെ സ്നേഹിച്ചതു ഞാൻ ജനിക്കുന്നതിനു മുമ്പായിരിക്കണം. എന്തെന്നാൽ ഞാൻ ജനിച്ചശേഷം അവൻ എന്നെ സ്നേഹിക്കത്തക്കവണ്ണമുള്ള യാതൊരു നന്മയും എൻെറ പക്കൽ ഉണ്ടായിട്ടില്ല. ഇതു എൻെറയും മറ്റ് അനേക ദൈവമക്കളുടേയും സംഗതിയിൽ യാഥാർത്ഥമാണെന്നു ഞാൻ വിശ്വസിക്കുന്നു, കാരണം അവർ ജനിച്ചശേഷം അവൻ അവരെ സ്നേഹിക്കത്തക്കവണ്ണം അവരിൽ യാതൊരു നന്മയും ഉണ്ടായിട്ടില്ല. മുമ്പേതന്നെ അവർ അവരെ സ്നേഹിച്ചില്ലായിരുന്നുവെങ്കിൽ പിന്നീട് അവരെ തിരഞ്ഞെടുക്കുവാൻ യാതൊരു ന്യായവുമില്ല. പ്രവൃത്തി കൂടാതെയാണ് അവൻ അവരെ സ്നേഹിച്ചതെങ്കിൽ പ്രവൃത്തി

കൂടാതെതന്നെ ഇപ്പോഴും സ്നേഹിക്കുന്നു. അവൻെറ വാത്സല്യത്തിന് അർഹരാകുവാൻ സൽപ്രവൃത്തികൾ മുഖാന്തിരമായിരുന്നില്ലെങ്കിൽ ദുഷ്പ്രവൃത്തികളാൽ അതിനു ഭംഗം വരികയുമില്ല. അവരുടെ നീതിപ്രവൃത്തികളല്ല അവൻെറ സ്നേഹത്തോട് അവരെ ബന്ധിച്ചതെങ്കിൽ ആ സ്വർണ്ണമതിലിനെ പൊളിച്ചുകളവാൻ അവരുടെ അധർമ്മങ്ങൾക്കു കഴിവുണ്ടാകയുമില്ല. പരിപാവനമായ രാജകീയ കൃപയാൽ അവൻ അവരെ സ്നേഹിച്ചു. ഇപ്പോഴും അങ്ങനെ തന്നെ സ്നേഹിക്കുന്നു. സാത്താൻ നമ്മെ നശിപ്പിക്കുമായിരുന്നു. നമ്മുടെ ശത്രുക്കൾ നമ്മെ നശിപ്പിക്കുമായിരുന്നു. ലോകം നമ്മെ ക്ഷയോന്മുഖമാക്കുമായിരുന്നു. നമ്മുടെ പാപം നമ്മെ അവസാനിപ്പിക്കുമായിരുന്നു. നമ്മുടെ പരിശോധനകളാൽ നാം നശിച്ചുപോകുമായിരുന്നു. ദൈവം മാറുന്നവനായിരുന്നെങ്കിൽ നമ്മുടെ നാശത്തിന് അനേകശതം മാർഗ്ഗങ്ങളുണ്ടായിരുന്നു. ഇതാ സമയം പോയിരിക്കുന്നു. ഇനി സംസാരിക്കാൻ സമയം തീരെയില്ല. ഞാൻ വിഷയം സൂചിപ്പിച്ചതേയുള്ളു. എന്നാൽ ഇപ്പോൾ അതു നിങ്ങൾക്കായി വിട്ടുതരുന്നു. യക്കോബിൻെറ പുത്രന്മാരേ! ദൈവം നിങ്ങളെ സഹായിക്കട്ടെ. ഈ വിഷയത്തെക്കുറിച്ചുള്ള ആഴമായ ആലോചനകളോടുകൂടെ നിങ്ങൾ വീടുകളിലേക്ക് പോകുവീൻ. കേട്ട സംഗതികളേക്കുറിച്ചു വീണ്ടും ആലോചിപ്പിൻ. ഈ ഭക്ഷണപദാർത്ഥം നിങ്ങൾക്കു ദഹിക്കട്ടെ. ഇതിനാൽ നിങ്ങൾ പരിപോഷിതരാകട്ടെ. രേഖപ്പെടുത്തപ്പെടുത്തപ്പെട്ടിരിക്കുന്ന മഹത്വമേറിയ കാര്യങ്ങളെ പരിശുദ്ധാത്മാവ് നിങ്ങളുടെ ഹൃദയങ്ങളിൽ ആഴ്ത്തി എഴുതുമാറാകട്ടെ. മൃഷ്ടഭോജനം കൊണ്ടും മട്ടൂറിയ വീഞ്ഞുകൊണ്ടും നല്ലൊരു വിരുന്ന് നിങ്ങൾക്കുണ്ടാകട്ടെ. എന്തെല്ലാം മാറിപ്പൊയാലും ദൈവം മാറിക്കളകയില്ലെന്ന് അറിഞ്ഞുകൊൾവീൻ. നിങ്ങളുടെ ശുശ്രൂഷകന്മാർ നിങ്ങളെ വിട്ടുമാറിയെന്നുവരാം. സകലവും മാറ്റപെട്ടേക്കാം, എന്നാലും ദൈവം മാറുന്നില്ല. നിങ്ങളുടെ സഹോദരന്മാർ നിങ്ങളെ വിട്ടുമാറുകയും നിങ്ങളുടെപേർ വഷളാക്കുകയും ചെയ്യേക്കാം. അപ്പോഴും ദൈവം നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങളുടെ താമസസ്ഥലം മാറിയെന്നുവരാം. നിൻെറ ധനം പൊയ്പോയേക്കാം. നിൻെറ ജീവിതം ആകപ്പാടെ ഇളകി നീ ബലഹീനനും രോഗിയുമായിത്തീർന്നെന്നു വരാം. സകലവും പൊയ്പോകട്ടെ. എങ്കിലും മാറ്റത്തിനു തൻെറ വിരലൂന്നുവാൻ കഴിയാത്ത ഒരു സ്ഥലമുണ്ട്; മാറ്റമുണ്ടാകാത്ത ഒരു ഹൃദയമുണ്ട്. ആഹൃദയം ദൈവത്തിൻേറതും ആ നാമം സ്നേഹമെന്ന് തങ്കരേഖകൊണ്ട് ചിത്രീകരിക്കുന്നതുമത്രേ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

***